## പതിമൂന്നാം കേരള നിയമസഭ

# വിഷയനിർണ്ണയ സമിതി I

## കൃഷിയും മൃഗസംരക്ഷണവും മത്സ്യബന്ധനവും

## 2013-14 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച മൂന്നാമത് റിപ്പോർട്ടിലെ ശുപാർശകളിന്മേലുള്ള ആക്ഷൻ ടേക്കൺ റിപ്പോർട്ട്

കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടങ്ങളിലെ 236-ാം ചട്ടത്തിന്റെ (5)-ാം ഉപചട്ട പ്രകാരമുള്ളത്

2014 ജൂലൈ 14-ാം തീയതി സമർപ്പിച്ചത്

കേരള നിയമസഭാ സെക്രട്ടേറിയറ്റ്
തിരുവനന്തപുരം
2014

©
കേരള നിയമസഭാ സെക്രട്ടേറിയറ്റ്
2014

കേരള നിയമസഭാ പ്രിന്റിംഗ് പ്രസ്സ്.

പതിമൂന്നാം കേരള നിയമസഭ

# വിഷയനിർണ്ണയ സമിതി I

## (കൃഷിയും മൃഗസംരക്ഷണവും മത്സ്യബന്ധനവും)

**2013-14 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച മൂന്നാമത് റിപ്പോർട്ടിലെ ശുപാർശകളിന്മേലുള്ള ആക്ഷൻ ടേക്കൺ റിപ്പോർട്ട്**

കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടങ്ങളിലെ 236-ാം ചട്ടത്തിന്റെ (5)-ാം ഉപചട്ടപ്രകാരമുള്ളത്

# ഉള്ളടക്കം

| | | പേജ് |
|---|---|---|
| സമിതിയുടെ ഘടന | .. | v |
| അവതാരിക | .. | vii |
| റിപ്പോർട്ട് | .. | 1 |
| അനുബന്ധം | .. | 53 |

# വിഷയനിർണ്ണയ സമിതി I
# കൃഷിയും മൃഗസംരക്ഷണവും മത്സ്യബന്ധനവും
# (2013-2016)

**ഘടന**

ചെയർമാൻ :

ശ്രീ. കെ. പി. മോഹനൻ ,
കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി.

എക്സ്-ഒഫീഷ്യോ അംഗങ്ങൾ :

ശ്രീ. കെ. സി. ജോസഫ്,
ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി

ശ്രീ. കെ. ബാബു,
മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി.

അംഗങ്ങൾ :

ശ്രീ. ഡൊമിനിക് പ്രസന്റേഷൻ
ശ്രീമതി ജമീലാ പ്രകാശം
ശ്രീ. ജെയിംസ് മാത്യു
,, ഇ. പി . ജയരാജൻ
,, സി. മോയിൻകുട്ടി
,, എസ് . ശർമ്മ
,, എം. വി. ശ്രേയാംസ് കുമാർ
,, പി. തിലോത്തമൻ .

നിയമസഭാ സെക്രട്ടേറിയറ്റ് :

ശ്രീ. പി. ഡി. ശാരംഗധരൻ , സെക്രട്ടറി
ശ്രീമതി ജെ. മേരി ഗ്രേസി, ജോയിന്റ് സെക്രട്ടറി
ശ്രീ. റ്റി. എം. രത്നാകരൻ , ഡെപ്യൂട്ടി സെക്രട്ടറി
ശ്രീ. എസ്. രാമദാസൻ പോറ്റി, അണ്ടർ സെക്രട്ടറി.

# അവതാരിക

കൃഷിയും മൃഗസംരക്ഷണവും മത്സ്യബന്ധനവും സംബന്ധിച്ച വിഷയനിർണ്ണയ സമിതി I–ന്റെ ചെയർമാനായ ഞാൻ 2013-2014 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച വിഷയനിർണ്ണയ സമിതിയുടെ മൂന്നാമത് റിപ്പോർട്ടിലെ ശുപാർശകളിന്മേൽ സർക്കാർ സ്വീകരിച്ച നടപടി സംബന്ധിച്ച സമിതിയുടെ റിപ്പോർട്ട് കേരള നിയമസഭയുടെ നടപടിക്രമങ്ങളും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടങ്ങളിലെ ചട്ടം 236(5) പ്രകാരം സമർപ്പിക്കുന്നു.

2013-14 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധനയുടെ അടിസ്ഥാനത്തിലുള്ള കൃഷിയും മൃഗസംരക്ഷണവും മത്സ്യബന്ധനവും സംബന്ധിച്ച വിഷയനിർണ്ണയ സമിതി I-ന്റെ മൂന്നാമത് റിപ്പോർട്ടിലെ കൃഷി, മൃഗസംരക്ഷണം, ക്ഷീരവികസനം, മത്സ്യബന്ധനം എന്നീ വകുപ്പുകളുമായി ബന്ധപ്പെട്ട ശുപാർശകളിന്മേൽ സർക്കാർ സ്വീകരിച്ച നടപടികൾ ഉൾക്കൊള്ളുന്നതാണ് ഈ റിപ്പോർട്ട്.

വിഷയനിർണ്ണയ സമിതി I-ന്റെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച മൂന്നാമത് റിപ്പോർട്ട് 2013 ജൂൺ 10-ാം തീയതി സഭയിൽ സമർപ്പിക്കുകയുണ്ടായി. പ്രസ്തുത റിപ്പോർട്ടിലെ ശുപാർശകളിന്മേൽ സർക്കാർ സ്വീകരിച്ച അനന്തര നടപടികളുടെ സ്റ്റേറ്റ്മെന്റുകൾ സമിതിയുടെ 22-4-2014, 1-7-2014 എന്നീ തീയതികളിലെ യോഗങ്ങളിൽ പരിഗണിക്കുകയും അംഗീകരിക്കുകയും ചെയ്തു.

ഈ റിപ്പോർട്ട് രണ്ട് ഭാഗങ്ങളായി തയ്യാറാക്കിയിരിക്കുന്നു. ഒന്നാം ഭാഗത്ത് സർക്കാരിൽനിന്നും മറുപടി ലഭിച്ച ശുപാർശകളും മറുപടികളും രണ്ടാം ഭാഗത്ത് മറുപടി ലഭിക്കാത്ത ശുപാർശകളും ചേർത്തിരിക്കുന്നു.

2014 ജൂലൈ 1-ാം തീയതി ചേർന്ന യോഗത്തിൽ ഈ റിപ്പോർട്ട് സമിതി അംഗീകരിച്ചു.

തിരുവനന്തപുരം, **കെ. പി. മോഹനൻ ,**

2014 ജൂലൈ 1. *ചെയർമാൻ ,*

*വിഷയനിർണ്ണയ സമിതി I.*

# റിപ്പോർട്ട്

## ഭാഗം I

കൃഷിയും മൃഗസംരക്ഷണവും മത്സ്യബന്ധനവും സംബന്ധിച്ച വിഷയനിർണ്ണയ സമിതി I-ന്റെ 2013-14 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച മൂന്നാമത് റിപ്പോർട്ടിലെ ശുപാർശകളിൽ മറുപടി ലഭിച്ച ശുപാർശകളും അവയ്ക്ക് സർക്കാരിൽ നിന്നും ലഭിച്ച നടപടി സ്റ്റേറ്റ്മെന്റുകളും.

ശുപാർശ

2401-00-104-91—ഡിപ്പാർട്ടുമെന്റ് കൃഷിസ്ഥലങ്ങൾ മുഖേന നടീൽ വസ്തുക്കളുടെ ഉല്പാദനം വർദ്ധിപ്പിക്കൽ

വിഹിതം : 6,20,00,000 രൂപ (പ്ലാന്)

കൃഷിഫാമുകൾ നവീകരിച്ച് ഗുണമേന്മയുള്ള വിത്തുല്പാദനകേന്ദ്രങ്ങൾ എന്നതിലുപരി, ഹൈടെക് ഫാമിംഗിനായുള്ള നൂതന കാർഷിക സാങ്കേതികവിദ്യകളുടെ പ്രചാരണകേന്ദ്രങ്ങളാക്കി മാറ്റുന്നതിനും, ഫാമുകളിൽ ഗ്രീൻഹൗസ്, ചെറുകിട ജലസേചന സൗകര്യമൊരുക്കല്, ടിഷ്യു കൾച്ചർ ഹാർഡനിംഗ് യൂണിറ്റ്, വിത്ത് ശേഖരണം-സംസ്കരണം തുടങ്ങിയ പരിപാടികൾ നടപ്പിലാക്കുന്നതിനാവശ്യമായ അടിസ്ഥാന സൗകര്യങ്ങൾക്കായും, നടീൽ വസ്തുക്കളുടെ ഉല്പാദനം, പുതിയതരം ന്യൂക്ലിയസ് നടീൽ വസ്തുക്കൾ വാങ്ങല്, പ്രജനന തോട്ടങ്ങളുടെ വിസ്തൃതി വർദ്ധിപ്പിക്കുക, സ്പെഷ്യൽ ഫാമുകൾക്കായി ട്രാക്ടറുകൾ വാങ്ങുക എന്നീ പ്രവർത്തി കൾക്കായും തുക വിനിയോഗിക്കുന്ന ഈ ശീർഷകത്തിൽ അധികമായി 130 ലക്ഷം രൂപ വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 2)

സർക്കാർ സ്വീകരിച്ച നടപടി

2401-00-104-91 എന്ന ശീർഷകത്തിൽ അധികം തുക കണ്ടെത്തുന്നതിന് നടപടികൾ ആരംഭിച്ചെങ്കിലും പിന്നീട് "ഗ്രാമീണ അടിസ്ഥാന സൗകര്യ വികസന നിധി പദ്ധതി (RIDF)"-യിൽ ഉൾപ്പെടുത്തി കൃഷി വകുപ്പിലെ ഫാമുകളിൽ അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനുള്ള പ്രോജക്ടുകള്/പ്രവർത്തനങ്ങൾക്ക് 4435-01-101-97 പ്ലാൻ ശീർഷകത്തിൽ നിന്നും തുക കണ്ടെത്താൻ സാധിച്ചു. ആയതിനാൽ 2013-14-ൽ 2401-00-104-91 ശീർഷകത്തിൽ അധിക തുക വേണ്ടിവന്നില്ല

<u>ശുപാർശ</u>

2401-00-105-86—<u>ആധുനിക പരീക്ഷണ ശാലകൾ സ്ഥാപിക്കൽ</u>

വിഹിതം: 65,00,000 രൂപ (പ്ലാന്)

മണ്ണ്, വളം, കീടനാശിനി, വിത്ത് എന്നിവയുടെ സാമ്പിളുകളുടെ ആധുനികവൽക്കരണത്തിനായി അനുവദിച്ച തുക അപര്യാപ്തമായതിനാൽ ഈ ശീർഷകത്തിൽ 360 ലക്ഷം രൂപ കൂടി വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 3)

<u>സർക്കാർ സ്വീകരിച്ച നടപടി</u>

കൃഷി വകുപ്പിന്റെ കീഴിലുള്ള ലബോറട്ടറികളിൽ ആവശ്യമായ രാസവസ്തുക്കള്, ഉപകരണങ്ങൾ വാങ്ങല്, ലാബുകൾ റിപ്പയർ ചെയ്യൽ മുതലായവയുടെ നടപടിക്രമങ്ങൾ പുരോഗമിച്ചുവരുന്നു.

പർചേസ് നടപടിക്രമങ്ങൾ പൂർത്തീകരിച്ചതിനുശേഷമേ അധികം വേണ്ട തുകയുടെ കൃത്യമായ കണക്ക് ലഭ്യമാകുകയുള്ളൂ.

<u>ശുപാർശ</u>

2402-00-102-86—<u>നീർമറി പ്രദേശത്തിന്റെ അടിസ്ഥാനത്തിൽ മണ്ണുജല സംരക്ഷണം</u>

വിഹിതം : 20,00,00,000 രൂപ (പ്ലാന്)

വെള്ളപ്പൊക്കവും കാർഷിക മേഖലയിലെ വരൾച്ചയും നിയന്ത്രിച്ച് കാർഷികോത്പാദന വർദ്ധനവ് ലക്ഷ്യമാക്കി നീർമറി പ്രദേശങ്ങളിലെ മണ്ണുജല സംരക്ഷണ പ്രവർത്തനങ്ങൾ നടപ്പിലാക്കുന്നതാണ് ഈ പദ്ധതിയുടെ ലക്ഷ്യം. 8500 ഹെക്ടർ പ്രദേശത്ത് കൂടി ഈ പദ്ധതി വ്യാപിപ്പിക്കുവാൻ ഉദ്ദേശിക്കുന്നതിനാൽ ഈ പദ്ധതി ശീർഷകത്തിൽ 1000 ലക്ഷം രൂപ കൂടി വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 13)

<u>സർക്കാർ സ്വീകരിച്ച നടപടി</u>

ആര്.ഐ.ഡി.എഫ്. (നീർമറി പ്രദേശത്തിന്റെ അടിസ്ഥാനത്തിലുള്ള മണ്ണുജല സംരക്ഷണം) പദ്ധതിക്കായി 2013-14 സാമ്പത്തിക വർഷം '2402-00-102-86-പദ്ധതി' ശീർഷകത്തിൽ 20 കോടി രൂപയാണ് ബഡ്ജറ്റ് വിഹിതമായി അനുവദിച്ചിട്ടുള്ളത്. ഇതിൽ നാളിതുവരെ 11.5 കോടി രൂപ ചെലവാക്കിയിട്ടുണ്ട്. 2013-14-ലെ ശക്തമായ കാലവർഷം കാരണം പദ്ധതി പ്രവർത്തനങ്ങൾ 3 മാസത്തോളം മന്ദഗതിയിലാണ് പുരോഗമിച്ചത്.

ഇനിവരുന്ന 3 മാസങ്ങളിൽ നീർച്ചാലുകളുടെ സംരക്ഷണ പ്രവർത്തനങ്ങൾ മാത്രമെ നടപ്പിലാക്കുവാൻ സാധ്യമാകൂ. കൃഷിഭൂമിയിലെ പ്രവർത്തനങ്ങൾ മാർച്ച് മാസത്തിനു ശേഷമേ നടപ്പിലാക്കാൻ സാധ്യമാകൂ. ശേഷിക്കുന്ന മൂന്നുമാസം കൊണ്ട് ബഡ്ജറ്റ് വിഹിതത്തിൽ ബാക്കിയുള്ള 8.5 കോടി രൂപ കൂടെ ചെലവഴിക്കേണ്ടതുണ്ട്. വിഷയ നിർണ്ണയ സമിതി I-ന്റെ മൂന്നാമത് റിപ്പോർട്ടിലെ നിർദ്ദേശാനുസരണം 10 കോടി രൂപ കൂടി അനുവദിച്ചാൽ ഈ സാമ്പത്തിക വർഷം തന്നെ തുക പൂർണ്ണമായും വിനിയോഗിക്കാൻ കഴിയാത്ത സാഹചര്യമാണ് നിലവിലുള്ളത്. ഇക്കാരണത്താൽ വിഷയനിർണ്ണയ സമിതി I-ന്റെ മൂന്നാമത് റിപ്പോർട്ടിലെ 13 ഖണ്ഡികയിൽ നിർദ്ദേശിച്ചതനുസരിച്ച് 2402-00-102-86-പദ്ധതി ശീർഷകത്തിൽ 10 കോടി രൂപ അധികമായി അനുവദിക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കാൻ കഴിഞ്ഞിട്ടില്ല.

<u>ശുപാർശ</u>

2415-03-277-99—<u>കേരള വെറ്ററിനറി ആന്റ് അനിമൽ സയൻസസ് യൂണിവേഴ്സിറ്റി</u>

വിഹിതം : 26,00,00,000 രൂപ (പ്ലാന്)

കേരള വെറ്ററിനറിയും ജന്തുശാസ്ത്രങ്ങളും സർവ്വകലാശാലയുടെ ഗവേഷണം, വിദ്യാഭ്യാസം, ഫാമുകളുടെ വികസനം, അടിസ്ഥാന സൗകര്യമൊരുക്കല്, ഭരണം, വിജ്ഞാനവ്യാപനം എന്നീ മേഖലകളിലെ വികസന പ്രവർത്തനങ്ങൾ കാര്യക്ഷമമായി നടപ്പിൽവരുത്തുന്നതിന് ഈ ശീർഷകത്തിൽ 300 ലക്ഷം രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 17)

<u>സർക്കാർ സ്വീകരിച്ച നടപടി</u>

ബഡ്ജറ്റിൽ അനുവദിച്ച 26 കോടി രൂപ റിലീസ് ചെയ്തു (പദ്ധതി വിഹിതം) കമ്മിറ്റി ശുപാർശ ചെയ്ത പ്രകാരമുള്ള അധിക തുക അനുവദിച്ചു കിട്ടിയില്ല.

<u>ശുപാർശ</u>

2415-03-277-99-31—<u>കേരള വെറ്ററിനറി ആന്റ് അനിമൽ സയൻസസ് യൂണിവേഴ്സിറ്റി-സഹായധനം- ശമ്പളം</u>

വിഹിതം : 44,71,00,000 രൂപ (നോൺ പ്ലാന്)

ഈ ശീർഷകത്തിലെ വിഹിതം പെൻഷൻ ആനുകൂല്യങ്ങള്, ടെർമിനൽ സറണ്ടര്, കമ്മ്യൂട്ടേഷന്, കോൺട്രാക്ട് നിയമനം, ശമ്പള പരിഷ്ക്കരണ കുടിശ്ശിക എന്നീ ഇനങ്ങളിലെ ബാധ്യത തീർക്കുവാൻ പര്യാപ്തമല്ലാത്തതിനാൽ ഈ ശീർഷകത്തിൽ 1803 ലക്ഷം രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 18)

<u>സർക്കാർ സ്വീകരിച്ച നടപടി</u>

2013-14 വർഷത്തെ ബഡ്ജറ്റിൽ വകയിരുത്തിയ 44.7 കോടി രൂപയും അനുവദിച്ചിട്ടുണ്ട് (പദ്ധതിയിതരം). കമ്മിറ്റി ശുപാർശ ചെയ്ത അധിക തുക അനുവദിച്ചു കിട്ടിയിട്ടില്ല.

<u>ശുപാർശ</u>

2415-05-277-99—<u>കേരള യൂണിവേഴ്സിറ്റി ഓഫ് ഫിഷറീസ് ആന്റ് ഓഷൻ സ്റ്റഡീസ്</u>

വിഹിതം : 20,00,00,000 രൂപ (പ്ലാന്)

: 7,45,00,000 രൂപ (നോൺ പ്ലാന്)

കേരള ഫിഷറീസ് സമുദ്രപഠന സർവ്വകലാശാലയ്ക്കുള്ള പ്ലാൻ ഫണ്ട് അലോക്കേഷനിലെ പ്രത്യേക നിബന്ധനമൂലം സർവ്വകലാശാലയ്ക്ക് അക്കാദമിക് കൗൺസിൽ അംഗീകരിച്ച പുതിയ 8 കോഴ്സുകൾ തുടങ്ങുവാൻ നിർവ്വാഹമില്ലാതിരിക്കുന്ന അടിയന്തര സാഹചര്യം സമിതി ചർച്ചചെയ്തു. 2013-14 സാമ്പത്തിക വർഷത്തിൽ ഫിഷറീസ് സർവ്വകലാശാല പുതിയ കോഴ്സുകളോ വകുപ്പുകളോ പ്ലാൻ ഫണ്ടിന്റെ സഹായത്തോടെ തുടങ്ങുവാൻ പാടില്ലെന്നും 2012-13-ൽ ആരംഭിച്ച ഐ.സി.എ.ആര്. പാഠ്യപദ്ധതി അനുസരിച്ചുള്ള കോഴ്സുകൾക്കു മാത്രമെ പദ്ധതി വിഹിതം ഉപയോഗിക്കുവാൻ പാടുള്ളൂ എന്നുമുള്ള പ്ലാൻ ഫണ്ട് അലോക്കേഷനിലെ നിബന്ധന യൂണിവേഴ്സിറ്റിയുടെ സ്വതന്ത്രാധികാരത്തിന് വിരുദ്ധമാണെന്ന് സമിതി വിലയിരുത്തി. സർവ്വകലാശാലയ്ക്ക് സ്വതന്ത്രമായി പ്രവർത്തിക്കുവാൻ മേല്പറഞ്ഞ നിബന്ധനകൾ നീക്കം ചെയ്യണമെന്നും ടി പദ്ധതിയനുസരിച്ചുള്ള 8 പുതിയ കോഴ്സുകൾ തുടങ്ങുവാൻ അടിയന്തരമായി അനുമതി നൽകണമെന്നും സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 19)

<u>സർക്കാർ സ്വീകരിച്ച നടപടി</u>

കേരള ഫിഷറീസ് സമുദ്രപഠന സർവ്വകലാശാല ആയതിന് പ്രൊപ്പോസൽ സമർപ്പിച്ചിരുന്നുവെങ്കിലും കഴിഞ്ഞ സാമ്പത്തിക വർഷം തുക അനുവദിച്ചിരുന്നില്ല.

<u>ശുപാർശ</u>

കേരള ഫിഷറീസ് സമുദ്രപഠന സർവ്വകലാശാലയുടെ അടിസ്ഥാന സൗകര്യ വികസനത്തിനായി ഉൾനാടൻ മത്സ്യബന്ധന ബോട്ട് വാങ്ങുന്നതിനായും, പുതിവൈപ്പ് ഗവേഷണകേന്ദ്രത്തിൽ ഒരു ഇൻസ്ട്രക്ഷണൽ ഫാം സ്ഥാപിക്കുന്നതായും കോമ്പൗണ്ട് വാൾ നിർമ്മിക്കുന്നതിനും ജെട്ടി-ബർത്ത് എന്നിവയുടെ നിർമ്മാണത്തിനും പുതുവൈപ്പ് കേന്ദ്രത്തിൽ രണ്ട് പുതിയ സ്കൂളുകളും അവയിൽ ഹോസ്റ്റല്, ലൈബ്രറി, പരീക്ഷണ ശാലകൾ എന്നിവ നിർമ്മിക്കുന്നതിനുമായി ആകെ 1500 ലക്ഷം രൂപ അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 20)

<u>സർക്കാർ സ്വീകരിച്ച നടപടി</u>

കേരള ഫിഷറീസ് സമുദ്രപഠന സർവ്വകലാശാലയ്ക്ക് കഴിഞ്ഞ വർഷം ഇക്കാര്യത്തിന് തുക അനുവദിച്ചിരുന്നില്ല.

<u>ശുപാർശ</u>

ഗവേഷണ പഠന പ്രവർത്തനങ്ങൾക്കായി കേരള ഫിഷറീസ് സമുദ്രപഠന സർവ്വകലാശാലയുടെ കീഴിലുള്ള Directorate of Research, Directorate of Extension എന്നിവയ്ക്കും Prof. Alikunhi Chair for Substainable Aquatic Systems-നും ഒരു ബയോഫളോക് ടെക്നോളജി സെന്റർ തുടങ്ങുന്നതിനുമായി ആകെ 200 ലക്ഷം രൂപ വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 21)

<u>സർക്കാർ സ്വീകരിച്ച നടപടി</u>

കേരള ഫിഷറീസ് സമുദ്രപഠന സർവ്വകലാശാലയ്ക്ക് കഴിഞ്ഞ വർഷം ഇക്കാര്യത്തിന് തുക അനുവദിച്ചിരുന്നില്ല.

<u>ശുപാർശ</u>

കേരള ഫിഷറീസ് സമുദ്രപഠന സർവ്വകലാശാലയുടെ കീഴിൽ 2013-14 സാമ്പത്തിക വർഷം പുതുതായി തുടങ്ങുവാൻ ഉദ്ദേശിക്കുന്ന 8 കോഴ്സുകൾക്കുമായി 400 ലക്ഷം രൂപ വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 22)

<u>സർക്കാർ സ്വീകരിച്ച നടപടി</u>

കേരള ഫിഷറീസ് സമുദ്രപഠന സർവ്വകലാശാലയ്ക്ക് കഴിഞ്ഞ വർഷം ഇക്കാര്യത്തിന് തുക അനുവദിച്ചിരുന്നില്ല.

<u>ശുപാർശ</u>

സർവ്വകലാശാലയുടെ വികസന പ്രവർത്തനങ്ങൾക്കായി ഈ സാമ്പത്തിക വർഷം 100 ലക്ഷം രൂപ വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 23)

<u>സർക്കാർ സ്വീകരിച്ച നടപടി</u>

കേരള ഫിഷറീസ് സമുദ്രപഠന സർവ്വകലാശാലയ്ക്ക് കഴിഞ്ഞ വർഷം ഇക്കാര്യത്തിന് തുക അനുവദിച്ചിരുന്നില്ല.

## ശുപാർശ

4435-01-101-96—കാർഷിക സൂപ്പർമാൾ (ആനയറ, മരട്, വേങ്ങേരി)

വിഹിതം : ഇല്ല.

കൃഷി വകുപ്പിന്റെ കീഴിൽ പ്രവർത്തിച്ചു കൊണ്ടിരിക്കുന്ന ആനയറ, മരട്, വേങ്ങേരി എന്നീ കാർഷികോല്പന്ന മൊത്ത വ്യാപാര വിപണികളെ കാർഷിക സൂപ്പർമാളുകളുടെ നിലവാരത്തിലേക്ക് ഉയർത്തുന്നതിനും കൃഷിക്കാരന്റെ ഉൽപ്പന്നങ്ങൾക്ക് മെച്ചപ്പെട്ട വിലയും ഉപഭോക്താക്കൾക്ക് ന്യായവിലയ്ക്ക് നിത്യോപയോഗസാധനങ്ങളും ലഭ്യമാക്കുന്നതിന് കർഷക ഉത്പാദക സംഘങ്ങളുടെ ആഭിമുഖ്യത്തിൽ കർഷക മാർക്കറ്റുകൾ സ്ഥാപിക്കുമെന്നും ഇതു കൂടാതെ പ്രധാന നഗരങ്ങളിൽ അഗ്രിമാളുകൾ ആരംഭിക്കുന്നതാണെന്നും 2013-14-ലെ ബഡ്ജറ്റിൽ പ്രഖ്യാപിച്ചിരുന്നുവെങ്കിലും ആയതിന് തുക വകയിരുത്തിയിട്ടില്ല. ആയതിനാൽ പ്രസ്തുത പദ്ധതിക്ക് 2500 ലക്ഷം രൂപ വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 27)

## സർക്കാർ സ്വീകരിച്ച നടപടി

2013-14-ലെ ബഡ്ജറ്റ് പ്രസംഗത്തിന്റെ അടിസ്ഥാനത്തിൽ ഒരു അർബൻ മൊത്ത വ്യാപാര വിപണിയിൽ അഗ്രിമാൾ തുടങ്ങാനായി ആദ്യ ഉപധനാഭ്യർത്ഥന പ്രകാരം 2500 ലക്ഷം രൂപ ആവശ്യപ്പെട്ടെങ്കിലും 4435-01-101-95-പ്ലാൻ എന്ന ശീർഷകത്തിൽ 1,000 രൂപ (Token Provision) നാമമാത്രമായി ലഭിക്കുകയുണ്ടായി.

അഗ്രിമാൾ തുടങ്ങുന്നതിനുള്ള പ്രാരംഭ നടപടികൾക്കായി 2013-14-ലെ അന്തിമ ഉപധനാഭ്യർത്ഥന പ്രകാരം 200 ലക്ഷം രൂപ 4435-01-101-95 ശീർഷകത്തിൽ വീണ്ടും ആവശ്യപ്പെട്ടെങ്കിലും ലഭിച്ചില്ല. ആനയറ മൊത്തവ്യാപാര വിപണയിലാണ് കാർഷിക മേഖല മുൻഗണന നൽകുന്ന മാൾ സ്ഥാപിക്കുന്നതിന് നിർദ്ദേശിച്ചിരിക്കുന്നത്. മാൾ നിർമ്മാണത്തിനുവേണ്ടി ആവശ്യമായ പ്രോജക്ടും വിശദമായ എസ്റ്റിമേറ്റും തയ്യാറാക്കുന്നതിന് കേരള അഗ്രോ ഇൻഡസ്ട്രീസ് കോർപ്പറേഷനെ ചുമതലപ്പെടുത്തി. മാളിന്റെ നിർമ്മാണ പ്രവർത്തനത്തിന് അനുയോജ്യമായ Architectural design-കളുടെ വിശകലനത്തിനും തെരഞ്ഞെടുപ്പിനുമായി സർക്കാർ തലത്തിൽ ഒരു ടെക്നിക്കൽ കമ്മിറ്റി രൂപീകരിച്ചു. ഇ-ടെണ്ടർ വഴി M/s. C. S. Architect, Tirunelveli എന്ന സ്ഥാപനത്തെ ടെക്നിക്കൽ കമ്മിറ്റി അനുയോജ്യമായി കണ്ടെത്തി. ഈ സ്ഥാപനത്തെ തിരഞ്ഞെടുക്കുന്നതിന് മുമ്പായി അവർ പൂർത്തീകരിച്ച പ്രധാന വർക്കുകൾ പരിശോധിക്കുന്നതിനും, ചീഫ് ടെക്നിക്കൽ എക്സാമിനറുമായി കൺസൾട്ട് ചെയ്യുന്നതിനും ടെക്നിക്കൽ കമ്മിറ്റി തീരുമാനിച്ചു.

നെടുമങ്ങാട് കാർഷിക മൊത്ത വ്യാപാര വിപണിയിൽ അഗ്രിമാൾ സ്ഥാപിക്കുന്നതിന്റെ ഭാഗമായി ഇ-ടെണ്ടർ ക്ഷണിക്കുന്നതിന് നടപടി സ്വീകരിച്ചു. മറ്റ് കാർഷിക മൊത്ത വ്യാപാര വിപണികളിലും അഗ്രിമാളുകൾ സ്ഥാപിക്കുന്നതാണ്. 2014-15-ൽ ഒരു മാൾ പൂർത്തിയാക്കുന്നതിനായി 4435-01-101-94-പ്ലാൻ എന്ന ശീർഷകത്തിൽ 500 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്.

<u>ശുപാർശ</u>

**കാർഷിക കർമ്മസേനകൾ**

കാർഷിക കർമ്മസേനകൾ തുടങ്ങുന്നതിനായി ഒരു കൃഷിഭവന് 10 ലക്ഷം രൂപ വീതം 100 കൃഷിഭവനുകൾക്കായി 1000 ലക്ഷം രൂപ വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 29)

<u>സർക്കാർ സ്വീകരിച്ച നടപടി</u>

2013-14-ലെ ബഡ്ജറ്റ് പ്രസംഗത്തിൽ പ്രതിപാദിച്ചതനുസരിച്ച് സ.ഉ.(ആർറ്റി.) നമ്പർ 280/2013/എ.ഡി. തീയതി 27-9-2013 (അനുബന്ധം I) പ്രകാരം സംസ്ഥാനത്തെ തെരഞ്ഞെടുത്ത 200 കൃഷിഭവനകളിൽ കാർഷിക കർമ്മസേന തുടങ്ങുന്നതിന് 100 ലക്ഷം രൂപയ്ക്ക് ഭരണാനുമതി ലഭിച്ചു. 2013-14-ലെ ആദ്യ ഉപധനാഭ്യർത്ഥന പ്രകാരം 2401-00-109-74-പ്ലാൻ എന്ന ഒരു പുതിയ ശീർഷകത്തിൽ നാമമാത്രമായി 1,000 രൂപ ലഭിച്ചു. രണ്ടാം ഉപധനാഭ്യർത്ഥനയിൽ കൂടുതൽ തുക ലഭിക്കുന്നതിന് നടപടി സ്വീകരിച്ചു വരുന്നു. കാർഷിക കർമ്മസേന രൂപീകരണത്തിനും പരിശീലനങ്ങൾക്കും ഒരു വെബ്സൈറ്റ് തുടങ്ങുന്നതിനുമാണ് ഒരു കോടി രൂപ ആവശ്യപ്പെടുന്നത്.

മേൽപ്പറഞ്ഞ പദ്ധതി/പരിപാടികൾ കൂടാതെ സംസ്ഥാനത്തെ 200 ഗ്രാമ പഞ്ചായത്തുകളിൽ രൂപീകരിക്കുന്ന തൊഴിൽസേന/കാർഷിക കർമ്മസേനകൾക്ക് ആവശ്യമായ കാർഷികോപകരണങ്ങളും കാർഷിക യന്ത്രങ്ങളും വാങ്ങി ലഭ്യമാക്കുന്നതിനും മറ്റു ചെലവുകൾക്കും വേണ്ടി 2401-00-800-37 ആര്.കെ.വി.വൈ. പദ്ധതിയിൽ ഉൾപ്പെടുത്തി 20 കോടി രൂപയ്ക്ക് (ഒരു തൊഴിൽസേനയ്ക്ക് 10 ലക്ഷം രൂപ വീതം) അനുമതി ലഭിച്ചിട്ടുണ്ട്. [സ.ഉ. (എംഎസ്.) നമ്പർ 279/2013/എ.ഡി. തീയതി 27-9-2013] (അനുബന്ധം II).

<u>ശുപാർശ</u>

**സംയോജിത കൃഷിത്തോട്ട പദ്ധതി**

കോഴിക്കൃഷി, മൽസ്യകൃഷി, തേനീച്ചകൃഷി, കൂൺകൃഷി, പുഷ്പകൃഷി എന്നിവയിൽ മൂന്നോ അതിലധികമോ കൃഷികൾ സംയോജിപ്പിച്ച് പുതുതായി കൃഷിത്തോട്ടം സജ്ജീകരിക്കുന്ന സംരംഭകർക്ക് പ്രോൽസാഹനമായി ഏക്കറിന് പതിനായിരം രൂപ നൽകുന്ന പദ്ധതി ബജറ്റ് പ്രസംഗത്തിൽ പ്രഖ്യാപിച്ചിട്ടുള്ളത് പ്രകാരം ഒരു പഞ്ചായത്തിൽ 10 കൃഷി തോട്ടം എന്ന കണക്കിൽ 10000 കൃഷിത്തോട്ടങ്ങൾ ആരംഭിക്കുവാൻ കൃഷി വകുപ്പ് വിഭാവനം ചെയ്തിരിക്കുന്നതിനാൽ ആയതിനായി 1000 ലക്ഷം രൂപ വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 30)

<u>സർക്കാർ സ്വീകരിച്ച നടപടി</u>

സർക്കർ ഉത്തരവ് സാധാ. നമ്പർ 1670/2013/കൃഷി (ഫാംസ്) വകുപ്പ് തീയതി 24-9-2013 പ്രകാരം സംയോജിത മാതൃകാ കൃഷിത്തോട്ട പദ്ധതിക്ക് ഭരണാനുമതി നൽകി. പദ്ധതിയുടെ അടങ്കൽ തുക 1000 ലക്ഷം രൂപയാണ്. 2013-14-ലെ ആദ്യ ഉപധനാഭ്യർത്ഥനയിൽ 2401-00-104-81 പ്ലാൻ ശീർഷകത്തിൽ 1,000 രൂപ നാമ മാത്രമായി (Token Provision) ലഭിച്ചു. പദ്ധതി പൂർണ്ണമായി നടപ്പിലാക്കുന്നതിന് അന്തിമ ധനാഭ്യർത്ഥനയിലുൾപ്പെടുത്തി 215 ലക്ഷം രൂപ അനുവദിക്കുന്നതിനായുള്ള പ്രൊപ്പോസൽ ധനകാര്യ വകുപ്പിന് നൽകുകയുണ്ടായി. ധനകാര്യ വകുപ്പ് 2401 എന്ന മുഖ്യ ശീർഷകത്തിൽ അഡീഷണൽ ആതറൈസേഷൻ വഴി അനുവദിച്ച തുകയിൽ 76 ലക്ഷം രൂപ ക്രമവൽക്കരിക്കാത്ത സാഹചര്യത്തിൽ അധികം തുക അനുവദിക്കാൻ സാധിക്കുകയില്ല എന്ന് അറിയിച്ചിട്ടുണ്ട്.

<u>ശുപാർശ</u>

**നീര**

നാളികേര മേഖലയിൽ മൂല്യവർദ്ധന കൈവരിക്കാൻ ഉതകുന്ന പ്രധാന പദ്ധതിയാണ് നീര ഉല്പാദനം. കേര കർഷകർക്ക് ഉയർന്ന വരുമാനം, ചെത്തു തൊഴിലാളികൾക്ക് കൂടുതൽ ജോലിസാധ്യത എന്നിവ ഈ പദ്ധതിക്ക് ഉറപ്പുവരുത്താനാകും. നീര വാണിജ്യ അടിസ്ഥാനത്തിൽ ഉല്പ്പാദിപ്പിക്കുന്നതിന് 10 ജില്ലകളിൽ നീര യൂണിറ്റുകൾ സ്ഥാപിക്കുമെന്നും ബഡ്ജറ്റ് പ്രസംഗത്തിൽ പ്രതിപാദിച്ചിട്ടുണ്ട്. ഇതിനായി 1500 ലക്ഷം രൂപ വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 33)

<u>സർക്കാർ സ്വീകരിച്ച നടപടി</u>

കേരള കാർഷിക സർവ്വകലാശാല വികസിപ്പിച്ചെടുത്ത 'നീര' (കേരാമൃതം), അനുബന്ധ ഉല്പന്നങ്ങളായ കേരചക്കര, തേൻ എന്നിവയുടെ ഉല്പാദനം കാർഷിക കോളേജ്, വെള്ളായണി, പി.പി.എന്.എം.യു., വെള്ളാനിക്കര, ആര്.എ.ആര്.എസ്, പീലിക്കോട് എന്നിവിടങ്ങളിൽ ആരംഭിക്കുന്നതിന് 20-7-2013-ലെ സ.ഉ (സാധാ.) നമ്പർ 1386/2013/കൃഷി പ്രകാരം "2435-01-800-94" എന്ന ശീർഷകത്തിൽ പ്രസ്തുത പദ്ധതിക്കായി 540 ലക്ഷം രൂപയ്ക്ക് ഭരണാനുമതി നൽകി. ഇതിൽ ഒരു യൂണിറ്റ് തുടങ്ങുന്നതിന് ആവശ്യമായ 180 ലക്ഷം രൂപയുടെ 25 ശതമാനമായ 45 ലക്ഷം രൂപ 6-12-2013-ലെ സ.ഉ (സാധാ.) നമ്പർ 2173/2013/കൃഷി പ്രകാരം "2401-00-108-30-production of Neera from Coconut tree"എന്ന ശീർഷകത്തിൽ 2013-14-ൽ സർവ്വകലാശാലയ്ക്ക് നൽകിയിട്ടുണ്ട്. ആദ്യ ഉപധനാഭ്യർത്ഥനയിൽ ഉൾപ്പെടുത്തി 2435-01-800-94 എന്ന ശീർഷകത്തിൽ 15 കോടി രൂപ അധികം ആവശ്യപ്പെട്ടെങ്കിലും 2401-00-108-30 എന്ന പുതിയ ശീർഷകത്തിൽ 1,000 രൂപ നാമമാത്രമായി ലഭിച്ചു. 2013-14 ലെ അന്തിമ ഉപധനാഭ്യർത്ഥനയിൽ ഉൾപ്പെടുത്തി പ്രസ്തുത പദ്ധതിക്കായി 2401-00-108-30 എന്ന ശീർഷകത്തിൽ 540 ലക്ഷം രൂപ അനുവദിക്കുന്നതിനായുള്ള പ്രൊപ്പോസൽ ധനകാര്യ വകുപ്പിന് നല്കുകയുണ്ടായി. ധനകാര്യ വകുപ്പ് 2401 എന്ന മുഖ്യ ശീർഷകത്തിൽ അഡീഷണൽ ആതറൈസേഷൻ വഴി അനുവദിച്ച തുകയിൽ 76 ലക്ഷം രൂപ ക്രമവൽക്കരിക്കാത്ത സാഹചര്യത്തിൽ അധികം തുക അനുവദിക്കാൻ സാധിക്കുകയില്ല എന്ന് അറിയിച്ചിട്ടുണ്ട്.

<u>ശുപാർശ</u>

2551-01— <u>മലമ്പ്രദേശങ്ങൾ പശ്ചിമഘട്ട വികസനം</u>

വിഹിതം : 72,84,00,000 രൂപ (പ്ലാന്)

പശ്ചിമഘട്ടത്തിലെ മണ്ണും ഭൂവിഭവങ്ങളുടെയും നീർത്തടാടിസ്ഥാനത്തിലുള്ള പ്രഥമ സംയോജിത പര്യവേഷണം, നീർത്തടങ്ങളുടെ സംയോജിത നീർത്തട വികസനം, പശ്ചിമ ഘട്ടത്തിലെ വനാധിഷ്ഠിത പ്രവർത്തനങ്ങള്, ഗവേഷണം, നിരീക്ഷണവും മറ്റു പരിശീലനവും തുടങ്ങിയ വികസന പദ്ധതി പ്രവർത്തനങ്ങൾക്ക് 2758 ലക്ഷം രൂപയുടെ വാർഷിക പദ്ധതി കേന്ദ്ര സർക്കാർ അംഗീകരിക്കുവാൻ സാധ്യതയുണ്ട്. ആയതിനാൽ ഈ ശീർഷകത്തിൽ ഇപ്പോൾ അനുവദിച്ച തുകയ്ക്ക് പുറമെ 23.6 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 40)

<u>സർക്കാർ സ്വീകരിച്ച നടപടി</u>

23.18 ലക്ഷം രൂപയുടെ സപ്ലിമെന്ററി ഡിമാന്റ്സ് ഫോർ ഗ്രാന്റ്സിനുള്ള നിർദ്ദേശം പശ്ചിമഘട്ട സെൽ ജോയിന്റ് ഡയറക്ടർ ലഭ്യമാക്കിയത് ധനകാര്യവകുപ്പുമായി ബന്ധപ്പെട്ട് പരിശോധിച്ചു. 20-11-2013-ലെ സർക്കുലർ നമ്പർ 93/13/ഫിന്.-ന്റെ പരിധിയിൽ വരാത്ത തിനാൽ 2014 ജനുവരിയിൽ നടന്ന ഡിമാന്റ്സ് ഫോർ ഗ്രാന്റ്സിന്റെ അവസാന ബാച്ചിലെ 2551 മേജർ ഹെഡിൽ പ്രസ്തുത നിർദ്ദേശം ഉൾപ്പെടുത്തുകയുണ്ടായില്ല. ആയതിനാൽ അധിക തുക അനുവദിക്കാൻ കഴിഞ്ഞില്ല.

<u>ശുപാർശ</u>

2551-01-800-90—<u>മലയോര വികസന അതോറിട്ടി</u>

വിഹിതം : 42,50,00,000 രൂപ (പ്ലാന്)

കേരളത്തിലെ പ്രത്യേക കാലാവസ്ഥ, ഭൂപ്രകൃതി എന്നിവ കാരണം നിരവധി മലയോര റോഡുകൾ സഞ്ചാരയോഗ്യമല്ലാതായിട്ടുണ്ട്. 5 മീറ്ററിൽ കൂടുതൽ വീതിയുള്ള റോഡുകളുടെ പുനരുദ്ധാരണത്തിനും നവീകരണത്തിനും അനുവദിച്ച തുക അപര്യാപ്ത മായതിനാൽ ഈ ശീർഷകത്തിൽ അധികമായി 2000 ലക്ഷം രൂപ വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 41)

<u>സർക്കാർ സ്വീകരിച്ച നടപടി</u>

അധിക തുക അനുവദിക്കുന്ന കാര്യം ധനകാര്യവകുപ്പുമായി ബന്ധപ്പെട്ട് പരിശോധിച്ചു. മലയോര വികസന അതോറിറ്റിക്ക് നടപ്പു സാമ്പത്തിക വർഷം 2551-01-800-90, 4551-01-800-99 എന്നീ ശീർഷകങ്ങളിൽ യഥാക്രമം 42.5 കോടി, 25 കോടി രൂപ എന്നിങ്ങനെ ഉൾപ്പെടുത്തിയിട്ടുണ്ട്. പ്രസ്തുത തുക മുഴുവനും ചെലവഴിക്കാത്തതിനാൽ സാമ്പത്തിക വർഷത്തിന്റെ അന്തിമഘട്ടത്തിൽ അധിക വിഹിതം വകയിരുത്തുന്നത് പ്രായോഗിക മല്ലെന്നും ഈ വർഷത്തെ ചെലവ് ബഡ്ജറ്റ് വിഹിതത്തിൽ പരിമിതപ്പെടുത്തുന്നതും ധനകാര്യവകുപ്പ് നിർദ്ദേശിച്ചു. ആയതിനാൽ അധിക തുക വകയിരുത്തുന്നതിന് കഴിഞ്ഞില്ല.

<u>ശുപാർശ</u>

2403-00-001-99— <u>ഭരണവും നടത്തിപ്പും (നടത്തിപ്പ്)</u>

വിഹിതം : 4,77,33,000 രൂപ (നോൺ പ്ലാന്)

മൃഗസംരക്ഷണ ഡയറക്ടറേറ്റിന് മെഡിക്കൽ റീഇംബേഴ്സ്മെന്റ് എന്ന ഇനത്തിനും ഡയറക്ടറേറ്റ് നവീകരണത്തിനും അധിക തുക ആവശ്യമുള്ളതിനാൽ ഈ ശീർഷകത്തിൽ 55 ലക്ഷം രൂപ കൂടി വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 42)

<u>സർക്കാർ സ്വീകരിച്ച നടപടി</u>

ശുപാർശ ചെയ്ത 55 ലക്ഷം രൂപയ്ക്കുവേണ്ടി ഉപധനാഭ്യർത്ഥന നടത്തിയിരുന്നുവെങ്കിലും ആയത് ലഭിച്ചില്ല. തുടർന്ന് അഡീഷണൽ ആതറൈസേഷൻ മുഖേന 7,28,000 രൂപ ലഭിക്കുകയും ആയതു മുഴുവൻ ചെലവഴിക്കുകയുമുണ്ടായി.

<u>ശുപാർശ</u>

2403-00-001-98—<u>ജില്ലാ ഭരണം</u>

വിഹിതം : 13,21,26,000 രൂപ (നോൺപ്ലാന്)

വിവിധ ജില്ലാ ഓഫീസുകളുടെ ചെറുകിട മരാമത്തുപണികൾക്കായി വിഹിതം വകയിരുത്തിയിട്ടില്ലാത്തതിനാൽ 2403-00-001-98-17-ലോ, 34-മറ്റു ചെലവുകൾ എന്ന ശീർഷകത്തിലോ 50 ലക്ഷം രൂപ വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 43)

<u>സർക്കാർ സ്വീകരിച്ച നടപടി</u>

ശുപാർശ ചെയ്ത അധിക തുക അനുവദിച്ചു കിട്ടിയിട്ടില്ല.

<u>ശുപാർശ</u>

2403-00-101-86—<u>രോഗ ഗവേഷണം</u>

വിഹിതം: 2,42,85,000 (നോൺ പ്ലാന്)

വാഹന ഇന്ധനത്തിലുള്ള ചെലവിനായി ഈ ശീർഷകത്തൽ 20,000 രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 44)

<u>സർക്കാർ സ്വീകരിച്ച നടപടി</u>

ഉപധനാഭ്യർത്ഥന നടത്തിയിരുന്നുവെങ്കിലും തുക അനുവദിച്ചു കിട്ടിയില്ല.

<u>ശുപാർശ</u>

2403-00-102-99— <u>ഊർജ്ജിത കന്നുകാലി വികസന പ്രോജക്ടുകൾ</u>

വിഹിതം : 44,43,10,000 രൂപ (നോൺ പ്ലാന്)

മെഡിക്കൽ റീഇംബേഴ്സ്മെന്റ് എന്ന ഇനത്തിൽ അനുവദിച്ച തുക അപര്യാപ്തമായതിനാൽ അധികമായി 4 ലക്ഷം രൂപ വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 45)

<u>സർക്കാർ സ്വീകരിച്ച നടപടി</u>

ശുപാർശ ചെയ്ത 4 ലക്ഷം രൂപയ്ക്ക് ഉപധനാഭ്യർത്ഥന നടത്തിയിരുന്നുവെങ്കിലും തുക അനുവദിച്ച് കിട്ടിയില്ല. എന്നാൽ അഡീഷണൽ ആതറൈസേഷൻ മുഖേന ടി ശീർഷകത്തിൽ 3,70,000 രൂപ ലഭിക്കുകയും ആയതു മുഴുവൻ ചെലവാക്കുകയും ചെയ്തു.

<u>ശുപാർശ</u>

2403-00-103-99—<u>കോഴി വളർത്തൽ കേന്ദ്രങ്ങൾ</u>

വിഹിതം : 12,31,10,000 രൂപ (നോൺ പ്ലാന്)

ഈ ശീർഷകത്തിൽ കോഴിവളർത്തൽ കേന്ദ്രങ്ങളിലെ വൈദ്യുതി ചാർജ്ജിനായും കുടപ്പനക്കുന്ന് ആര്.പി.എഫിന്റെ വാടക/കരം/നികുതി എന്നിവയ്ക്കായും മെഡിക്കൽ റീ ഇംപേഴ്സ്മെന്റിനായും ആകെ 7.5 ലക്ഷം രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 46)

<u>സർക്കാർ സ്വീകരിച്ച നടപടി</u>

7.5 ലക്ഷം രൂപ വാടക/കരം/നികുതി എന്നിവയ്ക്കായി ഉപധനാഭ്യർത്ഥന മുഖേന ആവശ്യപ്പെട്ടുവെങ്കിലും ആയതു ലഭിച്ചില്ല. എന്നാൽ അഡീഷണൽ ആതറൈസേഷൻ മുഖേന 1,50,000 രൂപ 2403-00-103-99-04-എം.ആര്. എന്നതിൽ ലഭിക്കുകയുണ്ടായി. ടി തുക മുഴുവൻ ചെലവഴിക്കുകയുണ്ടായി.

<u>ശുപാർശ</u>

2403-00-102-96—<u>വർഗ്ഗസങ്കലനത്തിനുള്ള സൗകര്യങ്ങൾ മെച്ചപ്പെടുത്തൽ</u>

വിഹിതം : 8,75,00,000 രൂപ (പ്ലാന്)

കർഷകരുടെ വാസകേന്ദ്രങ്ങളുടെ വിവരങ്ങളും വളർത്തപ്പെടുന്ന പക്ഷിമൃഗാദികളുടെ വിവരങ്ങളും ശേഖരിച്ച് സൂക്ഷിക്കുകയും അതുവഴി അർഹതപ്പെട്ട കർഷകർക്ക് സേവനങ്ങൾ ലഭ്യമാക്കുകയും ചെയ്യുന്നതിന് രജിസ്ട്രേഷൻ പദ്ധതി നടപ്പിലാക്കുന്നതാണെന്ന് ബഡ്ജറ്റ് പ്രസംഗത്തിൽ പരാമർശിച്ചിട്ടുള്ളതിനാൽ കർഷകരുടെ രജിസ്ട്രേഷൻ ആവശ്യത്തിനായി ഈ ശീർഷകത്തിൽ 25 ലക്ഷം രൂപ വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 47)

<u>സർക്കാർ സ്വീകരിച്ച നടപടി</u>

കർഷക രജിസ്ട്രേഷന് വേണ്ടിയുള്ള പ്രാരംഭ നടപടികൾക്കായി 24.25 ലക്ഷം രൂപ അനുവദിക്കുകയുണ്ടായി. എന്നാൽ ഉപധനാഭ്യർത്ഥനയിലൂടെ അധികം തുക

ആവശ്യപ്പെട്ടെങ്കിലും മേൽപ്പറഞ്ഞ ഘടകത്തിന് ഒരു പുതിയ ശീർഷകം 2403-102-80 അനുവദിക്കുകയും ഇതിൽ 1,000 രൂപ ടോക്കൺ പ്രൊവിഷനായി ഉൾക്കൊള്ളിക്കുകയും ചെയ്തിട്ടുണ്ട്.

<u>ശുപാർശ</u>

2403-00-105-99—പന്നിവളർത്തൽ വികസന പദ്ധതി

വിഹിതം : 1, 37, 08, 000 രൂപ (നോൺ പ്ലാന്)

ഈ ശീർഷകത്തിൽ 34-മറ്റു ചെലവുകൾ എന്ന ഇനത്തിൽ അനുവദിച്ച തുകയ്ക്ക് പുറമെ 2 ലക്ഷം രൂപ കൂടി വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.l

(ഖണ്ഡിക 48)

<u>സർക്കാർ സ്വീകരിച്ച നടപടി</u>

അധിക തുക അനുവദിച്ചു കിട്ടിയിട്ടില്ല.

<u>ശുപാർശ</u>

2403-00-109-96—വികസനവും പരിശീലനവും

വിഹിതം : 3, 75, 00, 000 രൂപ (പ്ലാന്)

തിരുവനന്തപുരം കുടപ്പനക്കുന്ന് കന്നുകാലി പരിശീലന കേന്ദ്രത്തെ ഒരു സെന്റർ ഓഫ് എക്സലൻസ് ആയി ഉയർത്തുമെന്ന് പ്രഖ്യാപിച്ചിട്ടുണ്ട്. ആയതിന് ആവശ്യമായി വരുന്ന അധിക തുകയായ 60 ലക്ഷം രൂപ ഈ ശീർഷകത്തിൽ വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 49)

<u>സർക്കാർ സ്വീകരിച്ച നടപടി</u>

ഉപധനാഭ്യർത്ഥനയിലൂടെ തുക ആവശ്യപ്പെട്ടെങ്കിലും പരിഗണിക്കുകയുണ്ടായില്ല.

<u>ശുപാർശ</u>

2403-00-113-98— <u>സ്റ്റാറ്റിസ്റ്റിക്കൽ വിഭാഗം സ്ഥാപിക്കൽ</u>

വിഹിതം : 65,00,000 രൂപ (നോൺപ്ലാന്)

ഈ ശീർഷകത്തിൽ യാത്രാ ചെലവിനത്തിൽ അനുവദിച്ച തുകയ്ക്ക് പുറമെ 2 ലക്ഷം രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 50)

<u>സർക്കാർ സ്വീകരിച്ച നടപടി</u>

ഉപധനാഭ്യർത്ഥന മുഖേന ആവശ്യപ്പെട്ടെങ്കിലും തുക ലഭിച്ചില്ല.

<u>ശുപാർശ</u>

2403-00-113-93—<u>നവീകരണവും ഇ-ഗവേർണൻസും</u>

വിഹിതം : 50,00,000 രൂപ (പ്ലാന്)

മൃഗസംരക്ഷണ ഡയറക്ടറേറ്റിന് പുതുതായി അനുവദിച്ച ഓഫീസ് സ്ഥലം നവീകരിക്കുന്നതിനായി 50 ലക്ഷം രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 51)

<u>സർക്കാർ സ്വീകരിച്ച നടപടി</u>

ഉപധനാഭ്യർത്ഥനയിലൂടെ അധികം തുക ആവശ്യപ്പെട്ടെങ്കിലും ആയത് ലഭിച്ചില്ല.

<u>ശുപാർശ</u>

2403-00-190-94— <u>കെ.എസ്.പി.ഡി.സി.-ക്ക് സഹായം</u>

വിഹിതം : 5, 00,00,000 രൂപ (പ്ലാന്)

സംസ്ഥാനത്ത് മുട്ടയുടെ ഇപ്പോഴത്തെ ആഭ്യന്തര ഉപയോഗം പ്രതിവർഷം ഏകദേശം 500 കോടി ആണ്. ഇപ്പോൾ ഏകദേശം 189 കോടി മാത്രമുള്ള ആഭ്യന്തര ഉല്പാദനം, വർദ്ധിപ്പിച്ചെങ്കിൽ മാത്രമെ കോഴിമുട്ടയ്ക്ക് അന്യസംസ്ഥാനങ്ങളെ ആശ്രയിക്കേണ്ടി വരുന്ന അവസ്ഥ ഒഴിവാക്കുവാൻ സാധിക്കുകയുള്ളൂ. ഇതിനായി കൊട്ടിയം, മാള എന്നീ ഹാച്ചറികളുടെ ഉൽപ്പാദനശേഷി വർദ്ധിപ്പിക്കുന്നതിന് അടിസ്ഥാന സൗകര്യങ്ങൾ വികസിപ്പിച്ച് കൂടുതൽ പേരന്റ് സ്റ്റോക്കിനെ വളർത്തി കർഷകർക്കു വിതരണം ചെയ്യുവാൻ 2013-14 വർഷത്തിൽ 1 കോടി കോഴിക്കുഞ്ഞുങ്ങളെ അധികമായി ഉൽപ്പാദിപ്പിക്കാൻ തീരുമാനിച്ചിട്ടുണ്ട്. അതിനു പുറമെ വിവിധ കേന്ദ്ര-സംസ്ഥാന പദ്ധതികളിലൂടെ ഗുണഭോക്താക്കൾക്ക് കോഴിത്തീറ്റ, മരുന്ന് എന്നിവ വിതരണം ചെയ്ത് വിപുലീകരിക്കേണ്ടതുമുണ്ട്. ഈ ആവശ്യങ്ങൾക്ക് ഇപ്പോൾ അനുവദിച്ചിട്ടുള്ള 500 ലക്ഷം രൂപ തികച്ചും അപര്യാപ്തമാണ്. ആയതിനാൽ ഇതിനായുള്ള ലെയർ ബ്രീഡർ ഫാമുകളുടെ അടിസ്ഥാന സൗകര്യ വികസനം, പേരന്റ് സ്റ്റോക്ക് വാങ്ങല്, കോഴിത്തീറ്റ ഉല്പാദനം, ഹാച്ചറി വികസനം, കാസർഗോഡ് മുട്ടക്കോഴി വളർത്തൽ കേന്ദ്രത്തിന്റെ പ്രാരംഭ പ്രവർത്തനങ്ങൾ എന്നിവയ്ക്കും കമ്പോള വിലയിലെ ഏറ്റക്കുറച്ചിൽ കാരണം കർഷകർക്കുണ്ടാകുന്ന നഷ്ടം നികത്തുന്നതിനും ഈ ശീർഷകത്തിൽ 1150 ലക്ഷം രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 52)

<u>സർക്കാർ സ്വീകരിച്ച നടപടി</u>

സമിതി അധികമായി ശുപാർശ ചെയ്ത തുക ലഭ്യമായിട്ടില്ല. എന്നാൽ മാള കോഴിത്തീറ്റ ഫാക്ടറിയ്ക്കായി 4 കോടി രൂപയും പിന്നാമ്പുറ കോഴിവളർത്തൽ പദ്ധതിക്കായി 5 കോടി രൂപയും വകുപ്പിന്റെ പദ്ധതി വിഹിതത്തിൽ നിന്നും മാറ്റി നൽകിയിട്ടുണ്ട്.

<u>ശുപാർശ</u>

2403-00-190-93—<u>എം.പി.ഐ.-യ്ക്ക് സഹായം</u>

വിഹിതം : 3,00,00,000 രൂപ (പ്ലാന്)

രോഗവിമുക്തമായ മാംസം ഉല്പാദിക്കുന്നതിനായി നല്ലയിനം പന്നിക്കുഞ്ഞുങ്ങളെ വളർത്തുന്നതിനാവശ്യമായ പരിശീലനം കർഷകർക്ക് നൽകുന്ന ഇടയാർ ക്യാംപസിലെ ഫാം ട്രെയിനിംഗ് ഇൻസ്റ്റിറ്റ്യൂട്ടിന് 10 ലക്ഷം രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 53)

<u>സർക്കാർ സ്വീകരിച്ച നടപടി</u>

പന്നിക്കുഞ്ഞുങ്ങളെ വളർത്തുന്നതിന് കർഷകർക്ക് പരിശീലനം നൽകുന്നതിന് ഫാം ട്രെയിനിംഗ് ഇൻസ്റ്റിറ്റ്യൂട്ടിന് 10 ലക്ഷം രൂപ വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്തിരുന്നെങ്കിലും ഈ ഇനത്തിൽ അധിക തുക ഒന്നും ലഭ്യമായിട്ടില്ല.

<u>ശുപാർശ</u>

ചാലക്കുടിയിൽ സ്ഥാപിക്കുന്ന ആധുനിക മാംസ സംസ്കരണ യൂണിറ്റിന് 37 കോടി രൂപ മുതൽമുടക്ക് പ്രതീക്ഷിക്കുന്നു. ഭരണാനുമതി ലഭിച്ച ഈ പ്രോജക്ടിനായി ഇപ്പോൾ വകയിരുത്തിയിരിക്കുന്ന വിഹിതത്തിനു പുറമെ 240 ലക്ഷം രൂപ കൂടി വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 54)

<u>സർക്കാർ സ്വീകരിച്ച നടപടി</u>

ചാലക്കുടിയിൽ ആധുനിക മാംസ സംസ്കരണ യൂണിറ്റ് സ്ഥാപിക്കുന്നതിന് 240 ലക്ഷം രൂപ വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്തിരുന്നെങ്കിലും ബഡ്ജറ്റ് വിഹിതമായി 50 ലക്ഷം രൂപ മാത്രമാണ് അനുവദിച്ചു കിട്ടിയത്. ഈ പദ്ധതിക്ക് ഭരണാനുമതി നൽകിയെങ്കിലും പശ്ചിമഘട്ട പരിധിയിൽ വരുന്നതിനാൽ നിർമ്മാണത്തിന് ചില തടസ്സങ്ങൾ ഉണ്ട്.

ശുപാർശ

ഇടയാറിൽ നിലവിലുള്ള പഴക്കമേറിയ റെൻഡറിംഗ് പ്ലാന്റിന് പകരം ആധുനിക പ്ലാന്റ് നിർമ്മിക്കുന്നതിന് 210 ലക്ഷം രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 55)

സർക്കാർ സ്വീകരിച്ച നടപടി

ഇടയാറിൽ റെന്ററിംഗ് പ്ലാന്റ് സ്ഥാപിക്കുന്നതിന് 210 ലക്ഷം രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്തിരുന്നെങ്കിലും ഈ ഇനത്തിൽ അധിക തുക ലഭിച്ചിട്ടില്ല. 31.02 കോടി രൂപ ചെലവിട്ട് നിലവിലുള്ള പ്ലാന്റിന് പകരം പുതിയ ഹൈടെക് പ്ലാന്റ് സ്ഥാപിക്കുന്നതിന് നടപടി എടുത്തു വരുന്നു. ഇതിൽ 3.58 കോടി രൂപ ചെലവിൽ റെന്ററിംഗ് പ്ലാന്റ് ഉൾപ്പെടുത്തിയിട്ടുണ്ട്. പുതിയ പ്ലാന്റിനായി സപ്ലിമെന്ററി ഗ്രാന്റിൽ തുക വകയിരുത്തിയിട്ടുണ്ട്.

ശുപാർശ

തീറ്റയുടെ വർദ്ധിച്ചുവരുന്ന ആവശ്യകത കണക്കിലെടുത്ത് ഒരു ആധുനിക തീറ്റ ഉല്പാദന പ്ലാന്റ് സ്ഥാപിക്കുന്നതിനായി 100 ലക്ഷം രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 56)

സർക്കാർ സ്വീകരിച്ച നടപടി

തീറ്റ ഉല്പാദന പ്ലാന്റ് നിർമ്മിക്കുന്നതിന് 100 ലക്ഷം രൂപ അധികമായി സമിതി ശുപാർശ ചെയ്തിരുന്നെങ്കിലും അധിക തുക ലഭിച്ചിട്ടില്ല.

ശുപാർശ

മുണ്ടയാട് സ്ഥാപിക്കാനിരിക്കുന്ന ആധുനിക കോഴിസംസ്കരണ പ്ലാന്റിനായി 100 ലക്ഷം രൂപ കൂടി അധികമായി വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 57)

സർക്കാർ സ്വീകരിച്ച നടപടി

മുണ്ടയാട് സ്ഥാപിക്കാൻ ഉദ്ദേശിക്കുന്ന ആധുനിക കോഴിസംസ്കരണ പ്ലാന്റിനായി 100 ലക്ഷം രൂപ വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്തിരുന്നുവെങ്കിലും ഈ ഇനത്തിൽ അധിക തുക ഒന്നും വകയിരുത്തിയിട്ടില്ല. ഈ പദ്ധതിക്ക് ഭരണാനുമതി നൽകുന്നതിനുള്ള നടപടികൾ എടുത്തുവരുന്നു.

<u>ശുപാർശ</u>

കേന്ദ്ര ഫുഡ് പ്രോസസിംഗ് ഇൻഡസ്ട്രീസ് (മന്ത്രാലയം) അംഗീകാരം നൽകുകയും കേന്ദ്ര വിഹിതം ലഭിക്കുകയും ചെയ്ത ഇടയാറിലെ 'പന്നികളേയും ആട്ടമാട്ടകളേയും സംസ്കരിക്കുന്ന പദ്ധതിക്ക് 1666 ലക്ഷം രൂപ കൂടി വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 58)

<u>സർക്കാർ സ്വീകരിച്ച നടപടി</u>

ഇടയാറിലെ പന്നികളേയും, ആട്ടമാട്ടകളേയും സംസ്കരിക്കുന്ന പദ്ധതിക്ക് 1666 ലക്ഷം രൂപ വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്തിരുന്നുവെങ്കിലും ഈ ഇനത്തിൽ അധിക തുക ഒന്നും ലഭിച്ചിട്ടില്ല.

<u>ശുപാർശ</u>

ഗുണമേന്മയുള്ളതും രോഗവിമുക്തവുമായ മാംസം കഴിക്കേണ്ടതിന്റെ ആവശ്യകതയെപ്പറ്റി പൊതുജനങ്ങളിൽ അവബോധം സൃഷ്ടിക്കുന്നതിനും വിപണന വിപുലീകരണത്തിനുമായി 5 ലക്ഷം രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 59)

<u>സർക്കാർ സ്വീകരിച്ച നടപടി</u>

രോഗവിമുക്തമായ മാംസം കഴിക്കേണ്ടതിന്റെ ആവശ്യകതയെപ്പറ്റി പൊതുജനങ്ങളിൽ അവബോധം സൃഷ്ടിക്കുന്നതിനായി 5 ലക്ഷം രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്തിരുന്നുവെങ്കിലും ഈ ഇനത്തിൽ അധികമായി തുക ഒന്നും അനുവദിച്ചിട്ടില്ല.

<u>ശുപാർശ</u>

2403-00-190-86—<u>കേരള ഫീഡ്സ് ലിമിറ്റഡിനുള്ള സഹായം</u>

വിഹിതം: 5,50,00,000 രൂപ (പ്ലാന്)

കോഴിക്കോട് ചേമഞ്ചേരി പഞ്ചായത്തിലെ തിരുവാങ്ങൂരിൽ 300 ടൺ പ്രതിദിന ഉല്പാദന ശേഷിയുള്ള ഹൈടെക് കാലിത്തീറ്റ നിർമ്മാണ യൂണിറ്റിന് അനുവദിച്ച തുകയ്ക്ക് പുറമെ 800 ലക്ഷം രൂപ കൂടി വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 60)

<u>സർക്കാർ സ്വീകരിച്ച നടപടി</u>

ഈ പദ്ധതിയുടെ മൊത്തം ചെലവ് 50 കോടി രൂപയാണ്. ആയതിനാൽ 14 കോടി രൂപ കേരള സർക്കാരിന്റെ വിഹിതമായിട്ടാണ് പദ്ധതിയുടെ ഭരണാനുമതിയിൽ രേഖപ്പെടുത്തിയിരിക്കുന്നത്. 2012-13 കാലയളവിൽ ഇതിലേക്കായി ബഡ്ജറ്റിൽ 4.5 കോടി രൂപ വകയിരുത്തി നൽകിയിട്ടുണ്ട്. 2013-14-ൽ 3 കോടി രൂപ വകയിരുത്തിയിട്ടുള്ള പദ്ധതിയുടെ നിർമ്മാണ പ്രവർത്തനങ്ങൾ അതിവേഗം പുരോഗമിച്ചുകൊണ്ടിരിക്കുകയാണ്. പ്രസ്തുത പദ്ധതിക്ക് ഈ സാമ്പത്തിക വർഷം ബഡ്ജറ്റിൽ 3 കോടി രൂപ മാത്രമാണ് നീക്കി വച്ചിട്ടുള്ളത്. കമ്മിറ്റി ശുപാർശ ചെയ്ത പ്രകാരമുള്ള അധിക തുക ലഭിച്ചിട്ടില്ല.

<u>ശുപാർശ</u>

ഇടുക്കി പാക്കേജിന്റെ ഭാഗമായി 300 ടൺ പ്രതിദിന ഉല്പാദനശേഷിയുള്ള ഹൈടെക് കാലിത്തീറ്റ നിർമ്മാണ യൂണിറ്റിനായി അനുവദിച്ച തുകയ്ക്ക് പുറമെ 600 ലക്ഷം രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 61)

<u>സർക്കാർ സ്വീകരിച്ച നടപടി</u>

ഈ പദ്ധതിക്ക് ഭരണാനുമതി നൽകുന്നതിനുള്ള നടപടികൾ ധ്രുതഗതിയിൽ നടന്നു വരുന്നു. 2013-14 വർഷത്തെ ബഡ്ജറ്റിൽ ഇതിനായി 2 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. ആയത് റിലീസ് ചെയ്യുന്നതിനുള്ള നടപടി എടുത്തു വരുന്നു. അധിക തുക ലഭിച്ചിട്ടില്ല.

<u>ശുപാർശ</u>

സമീകൃത കാലിത്തീറ്റയുടെ ഗുണമേന്മ ഉറപ്പ് വരുത്തുന്നതിനായി ഫീഡ് അനലിറ്റിക്കൽ ലാബോറട്ടറി സ്ഥാപിക്കുന്നതിനായി 200 ലക്ഷം രൂപ വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 62)

<u>സർക്കാർ സ്വീകരിച്ച നടപടി</u>

ഈ പദ്ധതിക്കായി NDDB-SDC സ്പെഷ്യൽ ഫണ്ടിൽ നിന്ന് ഒരു കോടി രൂപ ലഭിച്ചിട്ടുണ്ട്. കമ്മിറ്റി ശുപാർശ ചെയ്ത പ്രകാരമുള്ള അധിക തുക ലഭിച്ചിട്ടില്ല.

<u>ശുപാർശ</u>

കുട്ടനാട് പാക്കേജിന്റെ ഭാഗമായി ആലപ്പുഴ ജില്ലയിൽ 50 ടൺ പ്രതിദിന ഉല്പാദന ശേഷിയുള്ള വൈക്കോൽക്കട്ട നിർമ്മാണ യൂണിറ്റിനായി 450 ലക്ഷം രൂപ വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 63)

<u>സർക്കാർ സ്വീകരിച്ച നടപടി</u>

കുട്ടനാട് പാക്കേജിന്റെ ഭാഗമായി പാലക്കാട് ജില്ലയിൽ മുതലമടയിൽ സ്ഥാപിച്ചിട്ടുള്ള വൈക്കോൽക്കട്ട നിർമ്മാണ യൂണിറ്റിന്റെ മാതൃകയില്, ആലപ്പുഴ ജില്ലയിൽ 50 ടൺ പ്രതിദിന ഉത്പാദന ശേഷിയുള്ള വൈക്കോൽക്കട്ട നിർമ്മാണ യൂണിററ് സ്ഥാപിക്കുന്നതിന് കേരളാ ഫീഡ്സ് പദ്ധതി സമർപ്പിച്ചിട്ടുള്ളതാണ്. ഈ പദ്ധതിയുടെ നിർമ്മാണ ചെലവിലേക്കായി സർക്കാർ വിഹിതമായി 450 ലക്ഷം രൂപ, 2013-14 സാമ്പത്തിക വർഷത്തിലെ ബഡ്ജറ്റ് പ്രസംഗത്തിൽ ബഹുമാനപ്പെട്ട ധനകാര്യമന്ത്രി പ്രഖ്യാപിച്ചിട്ടുള്ളതാണ്. എന്നാൽ തുക ലഭിച്ചിട്ടില്ല.

<u>ശുപാർശ</u>

2403-00-800-73—<u>പക്ഷിപ്പനി ഉണ്ടാകുന്ന സാഹചര്യത്തിൽ പക്ഷികളെ നശിപ്പിക്കുന്നതിനുള്ള നഷ്ടപരിഹാരം</u>

വിഹിതം : ഇല്ല.

പക്ഷിപ്പനി ഉണ്ടാകുന്ന സാഹചര്യത്തിൽ രോഗം ബാധിച്ച പക്ഷികളെ നശിപ്പിച്ച് മറവ് ചെയ്യുന്നതിന് നഷ്ടപരിഹാരം നൽകുന്നതിനായി ഈ ശീർഷകത്തിൽ 1 ലക്ഷം രൂപ വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 64)

<u>സർക്കാർ സ്വീകരിച്ച നടപടി</u>

ഉപധനാഭ്യർത്ഥനയിൽ മേൽപ്പറഞ്ഞ ഘടകത്തിന് 1 ലക്ഷം രൂപ ശുപാർശ ചെയ്തുവെങ്കിലും ടി തുക ലഭിക്കുകയുണ്ടായില്ല.

<u>ശുപാർശ</u>

6403-00-190-99 (01)—<u>എം.പി.ഐ.യ്ക്കുള്ള വായ്പ (ആര്.ഐ.ഡി.എഫ്.)</u>

വിഹിതം : ഇല്ല

2009-10 സാമ്പത്തിക വർഷം ആര്.ഐ.ഡി.എഫ്. പദ്ധതിയിലുൾപ്പെടുത്തി മീറ്റ് പ്രോഡക്ട്സ് ഓഫ് ഇൻഡ്യയ്ക്ക് 27 ലക്ഷം രൂപ നൽകുവാൻ അവശേഷിക്കുന്നുണ്ടെന്ന് സമിതി മനസ്സിലാക്കുന്നു. ആയതിനാൽ 27 ലക്ഷം രൂപ ഈ ശീർഷകത്തിൽ വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 65)

<u>സർക്കാർ സ്വീകരിച്ച നടപടി</u>

ഉപധനാഭ്യർത്ഥനയിൽ 27 ലക്ഷം രൂപ അധികമായി ആവശ്യപ്പെട്ടെങ്കിലും തുക അനുവദിച്ചില്ല.

ശുപാർശ

6403-00-190-98—മീറ്റ് പ്രോസ്സസിംഗ് പ്ലാന്റും ആധുനിക അറവുശാലയും സ്ഥാപിക്കുന്നതിന് ബ്രഹ്മഗിരി ഡെവലപ്പ്മെന്റ് സൊസൈറ്റിക്കുള്ള ആര്.ഐ.ഡി.എഫ്. വായ്പ (നബാർഡ്-15-ാം ആര്. ഐ. ഡി. എഫ്. പദ്ധതി)

2010-11 സാമ്പത്തിക വർഷം വയനാട് സുൽത്താൻ ബത്തേരിയിൽ ഒരു ആധുനിക അറവുശാല സ്ഥാപിക്കുന്നതിന് ആര്.ഐ.ഡി.എഫ്. പദ്ധതിയിൽ ഉൾപ്പെടുത്തി 224.2 ലക്ഷം രൂപ വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 66)

സർക്കാർ സ്വീകരിച്ച നടപടി

224.19 ലക്ഷം രൂപ റീഇമ്പേഴ്സ്മെന്റ് ക്ലെയിം ആയി അനുവദിക്കുകയുണ്ടായി.

ശുപാർശ

6403-00-190-97—മൃഗസംരക്ഷണത്തിനുള്ള വായ്പകൾ (നബാർഡ്) ആര്.ഐ.ഡി.എഫ്.

വിഹിതം : 7,00,00,000 രൂപ (പ്ലാന്)

കോഴിക്കോട് ചേമഞ്ചേരിയിലെ കാലിത്തീറ്റ നിർമ്മാണ യൂണിറ്റിനും, ഇടുക്കി ജില്ലയിലെ അരീക്കുഴിയിലെ കാലിത്തീറ്റ നിർമ്മാണ യൂണിറ്റിനും നബാർഡ് 18-ാം ആര്.ഐ.ഡി.എഫ്. വായ്പയ്ക്കായി 1700 ലക്ഷം രൂപ വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 67)

സർക്കാർ സ്വീകരിച്ച നടപടി

കഴിഞ്ഞ സാമ്പത്തിക വർഷം പദ്ധതി വിഹിതത്തിൽ നിന്നും 4.5 കോടി രൂപ ലഭ്യമാക്കുകയുണ്ടായി. ഇതുകൂടാതെ ഈ സാമ്പത്തിക വർഷം പദ്ധതി വിഹിതത്തിൽ 3 കോടി രൂപയും ആര്.ഐ.ഡി.എഫിലൂടെ 7 കോടി രൂപയും വകയിരുത്തിയിട്ടുണ്ട്.

ശുപാർശ

6403-00-190-97 എന്ന ശീർഷകത്തിൽ തൊടുപുഴ കാലിത്തീറ്റ ഫാക്ടറിക്ക് ആര്.ഐ.ഡി.എഫ്. വായ്പാ തുകയ്ക്കായി 1200 ലക്ഷം രൂപ വകയിരുത്തണമെന്ന് സമിതി

ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 68)

<u>സർക്കാർ സ്വീകരിച്ച നടപടി</u>

മേൽപ്പറഞ്ഞ പദ്ധതിക്ക് ഉപധനാഭ്യർത്ഥനയിലൂടെ 6403-190-95 എന്ന ശീർഷകത്തിൽ 1,000 രൂപ ടോക്കൺ പ്രൊവിഷനായി അനുവദിക്കുകയുണ്ടായി.

<u>പൊതു ശുപാർശകൾ</u>

ആഭ്യന്തര കന്നുകാലികളുടെ എണ്ണവും പാലുല്പാദനവും വർദ്ധിപ്പിക്കുന്നതിനും പശുക്കുട്ടികളെ സംരക്ഷിക്കുന്നതിനുമായി 'ഗോവർദ്ധിനി' എന്ന പേരിൽ ഒരു പുതിയ ശീർഷകം സൃഷ്ടിച്ച് ആയതിൽ 1,000 ലക്ഷം രൂപ വകയിരുത്താനാവശ്യമായ നടപടി സ്വീകരിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 69)

<u>സർക്കാർ സ്വീകരിച്ച നടപടി</u>

സംസ്ഥാന വിഹിതമായി ഉപധനാഭ്യർത്ഥന മുഖേന 2403-102-78 എന്ന പുതിയ ശീർഷകത്തിലൂടെ ടോക്കൺ പ്രൊവിഷനായി 1000 രൂപ അനുവദിക്കുകയുണ്ടായി. 2014-15 വർഷത്തിൽ SLBP യിൽ ഉൾപ്പെടുത്തി ഗോവർദ്ധിനി പദ്ധതിക്കായി 24 കോടി രൂപ നീക്കിവെച്ചിട്ടുണ്ട്.

<u>ശുപാർശ</u>

ആടുവളർത്തൽ പ്രോത്സാഹിപ്പിക്കുന്നതിനും മാംസോല്പാദനം വർദ്ധിപ്പിക്കുന്നതിനും ലക്ഷ്യമിട്ട് ഒരു ആട് വികസന ബോർഡ് സ്ഥാപിക്കാൻ ലക്ഷ്യമിട്ടിട്ടുണ്ട്. ഇതിന്റെ പ്രാരംഭ പ്രവർത്തനങ്ങൾ തുടങ്ങുന്നതിനായി ഒരു ശീർഷകം സൃഷ്ടിച്ച് അതിൽ 50 ലക്ഷം രൂപ വകയിരുത്തുന്നതിനാവശ്യമായ നടപടി സ്വീകരിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 70)

<u>സർക്കാർ സ്വീകരിച്ച നടപടി</u>

ടി പദ്ധതിക്കായി 50 ലക്ഷം രൂപ ഉപധനാഭ്യർത്ഥനയിൽ ആവശ്യപ്പെട്ടെങ്കിലും തുക അനുവദിക്കുകയുണ്ടായില്ല.

<u>ശുപാർശ</u>

നെതർലാന്റ് ആഗ്രോഫുഡ് ആന്റ് ടെക്നോളജി സെന്ററിന്റെ സാങ്കേതിക സഹായത്തോടെ സംസ്ഥാനത്ത് ആധുനിക പന്നി വളർത്തൽ ഫാമുകൾ സ്ഥാപിക്കുന്ന പുതിയ പദ്ധതിയുടെ പ്രാരംഭ നടപടികൾക്കായി ഒരു പുതിയ ശീർഷകം സൃഷ്ടിച്ച് അതിൽ 50 ലക്ഷം രൂപ വകയിരുത്താനാവശ്യമായ നടപടി സ്വീകരിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 71)

<u>സർക്കാർ സ്വീകരിച്ച നടപടി</u>

ഉപധനാഭ്യർത്ഥനയിൽ ആവശ്യപ്പെട്ടെങ്കിലും തുക അനുവദിക്കുകയുണ്ടായില്ല.

<u>ശുപാർശ</u>

2404-00-001-99-05— <u>ഡയറക്ടറേറ്റ് ഓഫീസ് ചെലവുകള്— 4 മറ്റിനങ്ങൾ</u>

വിഹിതം : 2,54,000 രൂപ (നോൺ പ്ലാന്)

വൈദ്യുതി ചാർജ്ജിനത്തിലെ വർദ്ധനവ് കണക്കിലെടുത്ത് ഈ ശീർഷകത്തിൽ 2.46 ലക്ഷം രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 72)

<u>സർക്കാർ സ്വീകരിച്ച നടപടി</u>

2013-14 വർഷത്തേക്കുള്ള ആദ്യ ഉപധനാഭ്യർത്ഥനയിൽ പ്രൊപ്പോസൽ സമർപ്പിച്ചിരുന്നുവെങ്കിലും, വിഭവ ലഭ്യതയുടെ പരിമിതിമൂലം തുക അനുവദിച്ചിട്ടില്ല.

<u>ശുപാർശ</u>

2404-00-001-99-21-1— <u>ഡയറക്ടറേറ്റ് മോട്ടോർ വാഹനങ്ങൾ</u>

വിഹിതം : ഇല്ല

2012-13-ൽ ഭരണാനുമതി ലഭിച്ച 7 വാഹനങ്ങളിൽ 6 വാഹനം വാങ്ങുന്നതിനുള്ള നടപടി ക്രമങ്ങൾ മാത്രമേ പൂർത്തീകരിക്കാൻ കഴിഞ്ഞിട്ടുള്ളൂ. ഒരു വാഹനം കൂടി ഈ സാമ്പത്തിക വർഷം വാങ്ങുന്നതിനായി ഈ ശീർഷകത്തിൽ 6 ലക്ഷം രൂപ കൂടി വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 73)

<u>സർക്കാർ സ്വീകരിച്ച നടപടി</u>

2013-14 വർഷത്തേക്കുള്ള ആദ്യ SDG-യിൽ 1,000 രൂപ ഉൾപ്പെടുത്തിയിട്ടുണ്ട്. എന്നാൽ ആവശ്യപ്പെട്ടിരുന്ന 6 ലക്ഷം രൂപ അനുവദിച്ചിട്ടില്ല.

<u>ശുപാർശ</u>

2404-00-001-99-21-2—<u>ഡയറക്ടറേറ്റ് മോട്ടോർ വാഹനങ്ങൾ സംരക്ഷണവും അറ്റകുറ്റപ്പണികളും</u>

വിഹിതം : 63,000 രൂപ (നോൺ പ്ലാന്)

വാഹനങ്ങളുടെ സ്പെയർ പാർട്ടുകൾ വാങ്ങുന്നതിനും റിപ്പയർ ചാർജ്ജിനായും 37,000 രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക നമ്പർ 74)

സർക്കാർ സ്വീകരിച്ച നടപടി

സമിതി ശുപാർശ ചെയ്തതു പോലെ അധിക തുകയ്ക്കായി 2013-14-ലെ ആദ്യ SDG-യിൽ പ്രൊപ്പോസൽ സമർപ്പിച്ചുവെങ്കിലും വിഭവ ലഭ്യതയുടെ പരിമിതിമൂലം തുക അനുവദിച്ചിട്ടില്ല.

ശുപാർശ

2404-00-001-99-17—ഡയറക്ടറേറ്റ്- ചെറുകിട മരാമത്ത് പണികൾ

വിഹിതം : 1,000 രൂപ (നോൺ പ്ലാന്)

ക്ഷീര വികസന വകുപ്പ് ഡയറക്ടറേറ്റ് പ്രവർത്തിക്കുന്ന പഴക്കമേറിയ കെട്ടിടത്തിന്റെ അറ്റകുറ്റപ്പണികള്, ക്ഷീര പരിശീലന കേന്ദ്രത്തിൽ വെറ്ററിനറി സർവ്വകലാശാലയ്ക്ക് പരിശീലന പരിപാടികൾ നടത്തുന്നതിനായുള്ള കെട്ടിടത്തിന്റെ നിർമ്മാണ പ്രവൃത്തികള്, അതോടൊപ്പം ഡയറക്ടറേറ്റ് കെട്ടിടത്തിൽ ഒരു കോൺഫറൻസ് ഹാളിന്റെ നിർമ്മാണം കൂടാതെ ഡയറക്ടറേറ്റിലേക്കുള്ള സബ് റോഡിന്റെ അറ്റകുറ്റപ്പണി എന്നിവ അടിയന്തിരമായി നിർവ്വഹിക്കേണ്ടതാണെന്ന് സമിതി മനസ്സിലാക്കുന്നു. ആയതിനാൽ നിർമ്മാണ പ്രവർത്തനങ്ങൾക്കായി ഈ ശീർഷകത്തിൽ 250 ലക്ഷം രൂപ കൂടി വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 75)

സർക്കാർ സ്വീകരിച്ച നടപടി

2013-14 വർഷത്തേക്കുള്ള ആദ്യ ഉപധനാഭ്യർത്ഥനയിൽ പ്രൊപ്പോസൽ സമർപ്പിച്ചിരുന്നു. എന്നാൽ വിഭവലഭ്യതയുടെ പരിമിതിമൂലം തുക അനുവദിച്ചിട്ടില്ല.

ശുപാർശ

2404-00-001-98-04-1— ജില്ലാ ഭരണം-യാത്രാ ബത്ത

വിഹിതം : 11,14,000 രൂപ (നോൺ പ്ലാന്)

14 ജില്ലാ ഓഫീസുകളിലെ ജീവനക്കാരുടെ യാത്രാബത്ത കുടിശ്ശിക റിട്ടയർ ചെയ്ത ജീവനക്കാരുടെ റ്റി.എ. കുടിശ്ശിക എന്നിവയ്ക്ക് ഈ ശീർഷകത്തിൽ അധികമായി 13.86 ലക്ഷം രൂപ വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 76)

സർക്കാർ സ്വീകരിച്ച നടപടി

2013-14 വർഷത്തേക്കുള്ള ആദ്യ ഉപധനാഭ്യർത്ഥനയിൽ പ്രൊപ്പോസൽ സമർപ്പിച്ചിരുന്നുവെങ്കിലും വിഭവലഭ്യതയുടെ പരിമിതിമൂലം തുക അനുവദിച്ചിട്ടില്ല.

ശുപാർശ

2404-00-001-98-05-4—ജില്ലാ ഭരണം-ഓഫീസ് ചെലവുകൾ മറ്റിനങ്ങൾ

വിഹിതം: 3,11,000 രൂപ (നോൺ പ്ലാന്)

14 ജില്ലാ ഓഫീസുകളുടെ ഓഫീസ് ചെലവുകൾക്കായി 59,000 രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 77)

സർക്കാർ സ്വീകരിച്ച നടപടി

2013-14 വർഷത്തേക്കുള്ള ആദ്യ ഉപധനാഭ്യർത്ഥനയിൽ പ്രൊപ്പോസൽ സമർപ്പിച്ചിരുന്നുവെങ്കിലും വിഭവലഭ്യതയുടെ പരിമിതിമൂലം തുക അനുവദിച്ചിട്ടില്ല.

ശുപാർശ

2404-00-001-98-21-1— ജില്ലാ ഭരണം - മോട്ടോർ വാഹനങ്ങൾ വാങ്ങൽ

വിഹിതം : ഇല്ല

പ്രവർത്തനക്ഷമമല്ലാത്തതും കാലപ്പഴക്കമുള്ളതുമായ 6 വാഹനങ്ങൾ മാറ്റി പുതിയ വാഹനങ്ങൾ വാങ്ങുന്നതിനായി 35 ലക്ഷം രൂപ വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 78)

സർക്കാർ സ്വീകരിച്ച നടപടി

സമിതി ശുപാർശ ചെയ്തു പോലെ അധിക തുകയ്ക്കായി പ്രൊപ്പോസൽ സമർപ്പിച്ചിരുന്നു എങ്കിലും വിഭവലഭ്യതയുടെ പരിമിതിമൂലം തുക അനുവദിച്ചിട്ടില്ല.

ശുപാർശ

2404-00-001-97-04-1—വികസന പ്രവർത്തന ഘടകങ്ങള്-യാത്രാ ചെലവുകള്-യാത്രാബത്ത

വിഹിതം : 5,62,000 രൂപ (നോൺ പ്ലാന്)

152 ഡയറി എക്സ്റ്റൻഷൻ സർവ്വീസ് യൂണിറ്റുകളിലെ ജീവനക്കാർക്കും റിട്ടയർ

ചെയ്ത ജീവനക്കാർക്കും യാത്രാബത്ത കുടിശ്ശിക നൽകുന്നതിനായി ഈ ശീർഷകത്തിൽ അധികമായി 6.38 ലക്ഷം രൂപ വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 79)

സർക്കാർ സ്വീകരിച്ച നടപടി

സമിതി ശുപാർശ ചെയ്ത അധിക തുകയ്ക്കായി 2013-14-ലെ ആദ്യ SDG-യിൽ പ്രൊപ്പോസൽ സമർപ്പിച്ചിരുന്നുവെങ്കിലും വിഭവലഭ്യതയുടെ പരിമിതിമൂലം തുക അനുവദിച്ചിട്ടില്ല.

ശുപാർശ

2404-00-102-96—ഗ്രാമീണ ക്ഷീരവ്യവസായ വികസന ഉപദേശക പ്രവർത്തനങ്ങൾ

വിഹിതം : 2,75,00,000 രൂപ (പ്ലാന്)

20 ഡയറി ഫ്രൺലി പഞ്ചായത്തുകളിൽ ക്ഷീര വികസന യൂണിറ്റുകൾ സ്ഥാപിക്കുന്നതിനും ക്ഷീരവികസന വകുപ്പിന്റെ വിജ്ഞാന വ്യാപന പ്രവർത്തനങ്ങൾക്കും ഈ സാമ്പത്തിക വർഷം അനുവദിച്ച തുക അപര്യാപ്തമായതിനാൽ 500 ലക്ഷം രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 80)

സർക്കാർ സ്വീകരിച്ച നടപടി

2013-14 വർഷത്തേക്കുള്ള ആദ്യ ഉപധനാഭ്യർത്ഥനയിൽ പ്രൊപ്പോസൽ സമർപ്പിച്ചിരുന്നുവെങ്കിലും വിഭവലഭ്യതയുടെ പരിമിതിമൂലം തുക അനുവദിച്ചിട്ടില്ല.

ശുപാർശ

2404-00-102-83—ക്ഷീരോത്പാദന ഗുണനിലവാരവും പരിശുദ്ധിയും ഉറപ്പാക്കുന്നതിനുള്ള അടിസ്ഥാന സൗകര്യങ്ങൾ ശക്തിപ്പെടുത്തൽ (100% സി.എസ്.എസ്)।

വിഹിതം : ഇല്ല

മേഖലാ സഹകരണ ക്ഷീരോത്പാദക യൂണിയനുകൾ മുഖേന നടപ്പാക്കുന്ന 100% കേന്ദ്രാവിഷ്കൃത പദ്ധതിക്കായി 2012-13 സാമ്പത്തിക വർഷം തുക വകകൊള്ളിക്കാത്തതിനാൽ പദ്ധതികൾക്കുള്ള ധനസഹായം നൽകാൻ സാധിച്ചിട്ടില്ല. ആയതിനാൽ ഈ സാമ്പത്തിക വർഷം 135 ലക്ഷം രൂപ വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 81)

<u>സർക്കാർ സ്വീകരിച്ച നടപടി</u>

2013-14-ലെ ആദ്യ എസ്.ഡി.ജി.യിൽ സമിതി ശുപാർശ ചെയ്ത 135 ലക്ഷം രൂപ പൂർണ്ണമായും അനുവദിച്ചിട്ടുണ്ട്.

<u>ശുപാർശ</u>

2404-00-102-79—<u>കാലിത്തീറ്റയ്ക്കുള്ള സബ്സിഡി</u>

വിഹിതം : 6,00,00,000 രൂപ (പ്ലാന്)

ക്ഷീരകാർഷിക സംഘത്തിൽ പാൽ നൽകുന്ന എല്ലാ ക്ഷീരകർഷകർക്കും സബ്സിഡി നിരക്കിൽ കാലിത്തീറ്റ നൽകി പാൽസംഭരണം വർദ്ധിപ്പിക്കുന്നതിനായി ഈ ശീർഷകത്തിൽ അനുവദിച്ച തുകയ്ക്ക് പുറമേ 900 ലക്ഷം രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 82)

<u>സർക്കാർ സ്വീകരിച്ച നടപടി</u>

2013-14 വർഷത്തേക്കുള്ള ആദ്യ ഉപധനാഭ്യർത്ഥനയിൽ പ്രൊപ്പോസൽ സമർപ്പിച്ചിരുന്നുവെങ്കിലും വിഭവലഭ്യതയുടെ പരിമിതിമൂലം തുക അനുവദിച്ചിട്ടില്ല.

<u>ശുപാർശ</u>

2404-00-109-98-04-1—<u>ക്ഷീരവികസന പരിശീലന കേന്ദ്രം- യാത്രാബത്ത</u>

വിഹിതം : 78,000 രൂപ (നോൺ പ്ലാന്)

യാത്രാബത്ത കുടിശ്ശികക്കായി 22,000 രൂപ അധികമായി ഈ ശീർഷകത്തിൽ വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 83)

<u>സർക്കാർ സ്വീകരിച്ച നടപടി</u>

2013-14 വർഷത്തേക്കുള്ള ആദ്യ ഉപധനാഭ്യർത്ഥനയിൽ പ്രൊപ്പോസൽ സമർപ്പിച്ചിരുന്നുവെങ്കിലും വിഭവലഭ്യതയുടെ പരിമിതിമൂലം തുക അനുവദിച്ചിട്ടില്ല.

<u>ശുപാർശ</u>

2404-00-109-98-21-2—<u>ക്ഷീര വികസന പരിശീലന കേന്ദ്രം-മോട്ടോർവാഹനങ്ങള്- സംരക്ഷണവും അറ്റകുറ്റപണികളും</u>

വിഹിതം : 16,000 രൂപ (നോൺ പ്ലാന്)

ക്ഷീരവികസന പരിശീലന കേന്ദ്രങ്ങളിലെ നിലവിലുള്ള വാഹനങ്ങളുടെ ഇൻഷ്വറൻസ് പുതുക്കുന്നതിനും അറ്റകുറ്റപ്പണികൾക്കുമായി 9,000 രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 84)

<u>സർക്കാർ സ്വീകരിച്ച നടപടി</u>

2013-14 വർഷത്തേക്കുള്ള ആദ്യ ഉപധനാഭ്യർത്ഥനയിൽ പ്രൊപ്പോസൽ സമർപ്പിച്ചിരുന്നുവെങ്കിലും വിഭവലഭ്യതയുടെ പരിമിതിമൂലം തുക അനുവദിച്ചിട്ടില്ല.

<u>ശുപാർശ</u>

2404-00-109-95—<u>ഗുണ നിയന്ത്രണ ലാബുകളുടെ ശക്തിപ്പെടുത്തൽ</u>

വിഹിതം : 3,50,00,000 രൂപ (പ്ലാന്)

നാല് പ്രധാന ചെക്ക് പോസ്റ്റുകളിൽ സ്ഥിരം പരിശോധനാ സംവിധാനം ഏർപ്പെടുത്തല്, രണ്ട് പുതിയ റീജിയണൽ ലബോറട്ടറികളുടെ പ്രവർത്തനം ആരംഭിക്കല്, മൊബൈൽ ഗുണനിയന്ത്രണ ലബോറട്ടറികൾ സ്ഥാപിക്കൽ എന്നിവയ്ക്കായി അനുവദിച്ച തുക അപര്യാപ്തമായതിനാൽ ഈ സാമ്പത്തിക വർഷം 200 ലക്ഷം രൂപ കൂടി വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 85)

<u>സർക്കാർ സ്വീകരിച്ച നടപടി</u>

2013-14 വർഷത്തേക്കുള്ള ആദ്യ ഉപധനാഭ്യർത്ഥനയിൽ പ്രൊപ്പോസൽ സമർപ്പിച്ചിരുന്നുവെങ്കിലും വിഭവലഭ്യതയുടെ പരിമിതിമൂലം തുക അനുവദിച്ചിട്ടില്ല.

<u>ശുപാർശ</u>

2404-00-800-78—<u>കേരള ക്ഷീരകർഷക ക്ഷേമനിധി ബോർഡിനുള്ള ധനസഹായം</u>

വിഹിതം : ഇല്ല

കേരള ക്ഷീരകർഷക ക്ഷേമനിധിയിൽ അംഗങ്ങളായ കർഷകർക്ക് ആവശ്യമായ സാമൂഹ്യ സുരക്ഷാ പദ്ധതികൾ നടപ്പിലാക്കുന്നതിനും പെൻഷൻ തുക 300 രൂപയിൽ നിന്നും 400 രൂപയായി വർദ്ധിപ്പിക്കുന്നതിനും കൂടുതൽ കർഷകർക്ക് പെൻഷൻ നൽകുന്നതിനുമായി തുക വകയിരുത്തുന്നതാണെന്ന് ബഡ്ജറ്റ് മറുപടി പ്രസംഗത്തിൽ പ്രഖ്യാപിച്ചിട്ടുണ്ടെങ്കിലും ഈ ശീർഷകത്തിൽ തുകയൊന്നും വകയിരുത്തിയിട്ടില്ല. ആയതിനാല്, ഈ ശീർഷകത്തിൽ 750 ലക്ഷം രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 86)

<u>സർക്കാർ സ്വീകരിച്ച നടപടി</u>

2013-14 വർഷത്തേക്കുള്ള ആദ്യ ഉപധനാഭ്യർത്ഥനയിൽ പ്രൊപ്പോസൽ സമർപ്പിച്ചെങ്കിലും വിഭവലഭ്യതയുടെ പരിമിതിമൂലം തുക അനുവദിച്ചിട്ടില്ല.

<u>ശുപാർശ</u>

2404-00-190-89—<u>കെ.എല്.ഡി. ബോർഡിനുള്ള ധനസഹായം</u>

വിഹിതം : 14,00,00,000 രൂപ (പ്ലാന്)

കർഷകരുടെ സഹായത്തോടും സഹകരണത്തോടും കൂടി സംസ്ഥാനത്തിന് അനുയോജ്യമായ തീറ്റപ്പുൽ ഉല്പാദനവും വിപണനവും നടത്തുന്ന പദ്ധതിക്കായി 32 ലക്ഷം രൂപ കൂടി വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 87)

<u>സർക്കാർ സ്വീകരിച്ച നടപടി</u>

സമിതി ശുപാർശ ചെയ്തതു പോലെ 2013-14 വർഷത്തേക്കുള്ള ആദ്യ ഉപധനാഭ്യർത്ഥനയിൽ അധിക തുകയ്ക്കായി പ്രൊപ്പോസൽ സമർപ്പിച്ചിരുന്നുവെങ്കിലും വിഭവ ലഭ്യതയുടെ പരിമിതിമൂലം തുക അനുവദിച്ചിട്ടില്ല.

<u>ശുപാർശ</u>

മികച്ച ഇനം കാളക്കുട്ടികളെ വളരെ ചെറുപ്രായത്തിൽ തന്നെ കണ്ടുപിടിക്കാനുതകുന്ന നൂതന സാങ്കേതികവിദ്യ പ്രയോഗിക്കുന്നതിനായി ബോർഡിന്റെ നിയന്ത്രണത്തിൽ ഒരു അത്യന്താധുനിക ജീനോമിക് ലബോറട്ടറി സ്ഥാപിക്കുന്ന പദ്ധതിയുടെ നടത്തിപ്പിനായി ഈ സാമ്പത്തിക വർഷം അനുവദിച്ച തുകയ്ക്ക് പുറമേ 170 ലക്ഷം രൂപ വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 88)

സംസ്ഥാനത്തെ ആഭ്യന്തര പാലുല്പാദനം വർദ്ധിപ്പിക്കുന്നതിനായുള്ള ക്ഷീര വികസന പദ്ധതിയായ ഇടുക്കി ജില്ലയിലെ കോലാഹല മേട്ടിലേയും മാട്ടുപെട്ടിയിലേയും ഹൈടെക് ഡയറി ഫാമുകളിൽ നൂതന ഡയറിഫാം ഉപകരണങ്ങൾ സ്ഥാപിക്കുന്നതിനായി 1.5 ലക്ഷം രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 89)

ഫീൽഡ് പെർഫോമൻസ് റിക്കോർഡിംഗ് വഴി കന്നുകാലികളുടെ ജനിതക ഗുണമേന്മ വർദ്ധിപ്പിക്കുന്നതിനുള്ള പദ്ധതി കൂടുതൽ ജില്ലകളിലേക്ക് വ്യാപിപ്പിക്കുന്നതിനും പദ്ധതിയുടെ വിപുലീകരണത്തിനും അധികമായി 135 ലക്ഷം രൂപ വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 90)

കേരളത്തിന്റെ തനതു ജനുസ്സുകളായ വെച്ചൂര്, കാസർഗോഡ് ഡ്വാർഫ്, മറ്റു നാടൻ ജനുസ്സുകൾ എന്നിവയുടെ സംരക്ഷണ-വ്യാപനത്തിനുള്ള പദ്ധതിയുടെ ആദ്യഘട്ട നടത്തിപ്പിനായി അധികമായി 65 ലക്ഷം രൂപ വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 91)

<u>സർക്കാർ സ്വീകരിച്ച നടപടി (88,89,90,91)</u>

സമിതി ശുപാർശ ചെയ്ത പ്രകാരം അധിക തുകയ്ക്കായി 2013-14-ലെ ആദ്യ SDG-യിൽ പ്രൊപ്പോസൽ സമർപ്പിച്ചിരുന്നുവെങ്കിലും വിഭവലഭ്യതയുടെ പരിമിതിമൂലം തുക അനുവദിച്ചിട്ടില്ല.

കെ.എല്.ഡി. ബോർഡിനെ സംബന്ധിച്ച ചെലവുകൾക്കായുള്ള ശീർഷകങ്ങൾ ഡിമാന്റ് നമ്പർ 'XXXII'-ഡയറി വകുപ്പിന്റെ 2404 എന്ന മുഖ്യശീർഷകത്തിൽ നിന്നും ഡിമാന്റ് നമ്പർ 'XXXI'-മൃഗസംരക്ഷണ വകുപ്പിന്റെ 2404 എന്ന ശീർഷകത്തിലേക്ക് മാറ്റിയിട്ടുണ്ട്.

<u>ശുപാർശ</u>

2405-00-101-81 —<u>നഴ്സറികൾ സ്ഥാപിക്കൽ</u>

വിഹിതം : 3,00,00,000 രൂപ (പ്ലാന്)

അക്വാകൾച്ചറും ടൂറിസവും സംയോജിപ്പിച്ചുകൊണ്ട് ഹാബിറ്റാറ്റ് നടപ്പിലാക്കുന്ന പൊയ്യനെയ്തൽ പൈതൃക മത്സ്യഗ്രാമപദ്ധതി പൂർത്തീകരിക്കുന്നതിനായി ഈ ശീർഷകത്തിൽ 400 ലക്ഷം രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 92)

<u>സർക്കാർ സ്വീകരിച്ച നടപടി</u>

പൊയ്യനെയ്തൽ പദ്ധതിക്കായി രാഷ്ട്രീയകൃഷി വികാസ് യോജനയിൽ നിന്നോ മറ്റ് കേന്ദ്രാവിഷ്കൃത പദ്ധതികളിൽ നിന്നോ ദേശീയ മത്സ്യ വികസന ബോർഡിൽ (NFDB)നിന്നോ ധനസഹായം ലഭിക്കുന്നതിനായി പദ്ധതികൾ തയ്യാറാക്കി സമർപ്പിക്കുവാൻ ഫിഷറീസ് ഡയറക്ടർക്ക് നിർദ്ദേശം നൽകിയിരിക്കുകയാണ്. ടി സാഹചര്യത്തിൽ അധിക തുക ആവശ്യമായി വന്നില്ല.

<u>ശുപാർശ</u>

2405-00-103-91—<u>മത്സ്യവിഭവങ്ങളുടെ സംരക്ഷണവും പരിപാലനവും (ആഴക്കടൽ മത്സ്യബന്ധനം)</u>

വിഹിതം : 1,50,00,000 രൂപ (പ്ലാന്)

മത്സ്യസമ്പത്ത് വർദ്ധിപ്പിക്കുക എന്ന ഉദ്ദേശ്യലക്ഷ്യത്തോടുകൂടിയുള്ള കൃത്രിമപ്പാര് പദ്ധതി തിരുവനന്തപുരം, കോഴിക്കോട്, കണ്ണൂര്, കാസർഗോഡ് എന്നീ ജില്ലകളിൽ നടപ്പിലാക്കുന്നതിന് ഈ ശീർഷകത്തിൽ 100 ലക്ഷം രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 93)

<u>സർക്കാർ സ്വീകരിച്ച നടപടി</u>

കൃത്രിമപ്പാര് പദ്ധതി നിലവിലുള്ള ബഡ്ജറ്റ് വിഹിതം ഉപയോഗിച്ച് നടപ്പിലാക്കുന്നതിന് ഭരണാനുമതി നൽകിയിട്ടുണ്ട്. നിലവിലുള്ള ബഡ്ജറ്റ് വിഹിതം നാളിതുവരെ പൂർണ്ണമായും ചെലവഴിച്ചു കഴിഞ്ഞിട്ടില്ലാത്തതിനാൽ അധിക തുക ആവശ്യമായി വന്നില്ല.

<u>ശുപാർശ</u>

2405-00-103-97 —<u>മത്സ്യബന്ധന തുറമുഖങ്ങളുടെ സംരക്ഷണവും നടത്തിപ്പും</u>

വിഹിതം : 3,10,00,000 രൂപ (നോൺ പ്ലാന്)

മത്സ്യബന്ധന തുറമുഖങ്ങളിലെ ജീവനക്കാരുടെ വേതനം, തുറമുഖങ്ങളുടെ സംരക്ഷണം എന്നിവയ്ക്കായി ഈ ശീർഷകത്തിൽ 150 ലക്ഷം രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 94)

<u>സർക്കാർ സ്വീകരിച്ച നടപടി</u>

ടി ശീർഷകത്തിൽ 140 ലക്ഷം രൂപ അനുവദിക്കുന്നതിനായി ചീഫ് എഞ്ചിനീയർ ഒന്നാം ഉപധനാഭ്യർത്ഥനയിൽ ഉൾപ്പെടുത്തി പ്രൊപ്പോസൽ സമർപ്പിച്ചെങ്കിലും ആയത് അനുവദിച്ചില്ല. 2013-14 വർഷത്തെ അവസാന ഉപധനാഭ്യർത്ഥനയിൽ 70 ലക്ഷം രൂപ മത്സ്യബന്ധന തുറമുഖങ്ങളിലെ ജീവനക്കാരുടെ വേതനം എന്ന ഇനത്തിൽ അനുവദിക്കുന്നതിനുള്ള പ്രൊപ്പോസൽ സമർപ്പിച്ചിരുന്നുവെങ്കിലും ആയത് അനുവദിച്ചിട്ടില്ല.

<u>ശുപാർശ</u>

2405-00-103-88—<u>ദേശീയ മത്സ്യത്തൊഴിലാളി ക്ഷേമനിധിയുടെ സഹായത്താലുള്ള ഭവന പദ്ധതി</u>

വിഹിതം : 8,00,00,000 രൂപ (പ്ലാന്)

മാതൃകാ ഗ്രാമീണ വികസന പദ്ധതിയുടെ കീഴിൽ മത്സ്യത്തൊഴിലാളികൾക്ക് ഭവന നിർമ്മാണ സഹായം ലഭ്യമാക്കാനുള്ള പരിപാടിയാണിത്. കേന്ദ്ര സർക്കാർ ഒരു വീടിന് 25,000 രൂപയാണ് നൽകുന്നത്. സംസ്ഥാന സർക്കാർ ഭവന നിർമ്മാണ ഗ്രാന്റ് വീടൊന്നിന് 2 ലക്ഷം രൂപയാക്കി ഉയർത്തിയ സാഹചര്യത്തിൽ ഒരു വീടിന് സംസ്ഥാന സർക്കാർ 1.75 ലക്ഷം രൂപ നൽകേണ്ടതായിവരുന്നു. 2013-14 സാമ്പത്തികവർഷം 800 ഗുണഭോക്താക്കൾക്ക് ധനസഹായം അനുവദിക്കേണ്ടതിനാൽ ഈ ശീർഷകത്തിൽ അനുവദിച്ച തുകയ്ക്ക് പുറമെ 400 ലക്ഷം രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 95)

<u>സർക്കാർ സ്വീകരിച്ച നടപടി</u>

ഈ പദ്ധതിക്കായി 2405-00-103-88—പദ്ധതി എന്ന ശീർഷകത്തിൽ 8 കോടി രൂപ പൂർണ്ണമായി ചെലവഴിച്ചു. 3-3-2014-ലെ ഇ 1/18656/13-ാം നമ്പർ കത്ത് മുഖേന 6 കോടി രൂപ റീ-അപ്രോപ്രിയേഷൻ വഴി അനുവദിക്കുന്നതിന് ശുപാർശ നല്കിയെങ്കിലും തുക അനുവദിക്കപ്പെട്ടില്ല.

<u>ശുപാർശ</u>

2405-00-105-96 —<u>മൂല്യ വർദ്ധിത വിപണി</u>

വിഹിതം : 2,50,00,000 രൂപ (പ്ലാന്)

മത്സ്യ മാർക്കറ്റുകളുടെ പണി പൂർത്തീകരിക്കുന്നതിന് ഈ ശീർഷകത്തിൽ അധികമായി 247 ലക്ഷം രൂപ വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 96)

<u>സർക്കാർ സ്വീകരിച്ച നടപടി</u>

2405-00-105-96—(പ്ലാന്) എന്ന ശീർഷകത്തിൽ അനുവദിക്കപ്പെട്ട ബഡ്ജറ്റ് വിഹിതം പൂർണ്ണമായും ചെലവഴിച്ചു. ഈ പദ്ധതി നിർവ്വഹണം നടത്തുന്നത് കേരള സംസ്ഥാന തീരദേശ വികസന കോർപ്പറേഷൻ (KSCADC) ആണ്. മത്സ്യമാർക്കറ്റുകളുടെ നിർമ്മാണം NFDB-യുടെ 90% സഹായത്തോടുകൂടിയാണ് നടപ്പിലാക്കി വരുന്നത്. എന്നാൽ കൂടുതൽ മാർക്കറ്റുകൾ സ്ഥാപിക്കുന്നതിന് NFDB-യിൽ നിന്നും അനുമതി ലഭിക്കാത്തതിനാൽ അധിക തുകയ്ക്കുള്ള പ്രൊപ്പോസൽ സമർപ്പിക്കുകയുണ്ടായില്ല.

<u>ശുപാർശ</u>

2405-00-800-97 —വികസനം

വിഹിതം : 1,75,00,000 രൂപ (പ്ലാന്)

2014 ഫെബ്രുവരി മാസം ഇന്റർനാഷണൽ അക്വാഷോ സംഘടിപ്പിക്കുന്നതിന് ഈ ശീർഷകത്തിൽ 100 ലക്ഷം രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 97)

സർക്കാർ സ്വീകരിച്ച നടപടി

ഇന്റർനാഷണൽ അക്വാഷോ 2014-ൽ സംഘടിപ്പിക്കുന്നതിനും അതിനായി 85 ലക്ഷം രൂപ സർക്കാർ വിഹിതമായി അനുവദിച്ചുകൊണ്ടും ഭരണാനുമതി നൽകിയിട്ടുണ്ട്. ബഡ്ജറ്റ് വിഹിതം പൂർണ്ണമായും ചെലവഴിച്ചുകഴിഞ്ഞിട്ടില്ലാത്തതിനാൽ അധികതുക ആവശ്യമായി വന്നില്ല.

ശുപാർശ

2405-00-800-94 —മത്സ്യത്തൊഴിലാളിക്ഷേമനിധിയിലേക്കുള്ള സഹായം

വിഹിതം : 20,00,00,000 രൂപ (നോൺ പ്ലാന്)

തൃശ്ശൂർ ആസ്ഥാനമായി പ്രവർത്തിക്കുന്ന ക്ഷേമനിധി ബോർഡിന് 2013 ജനുവരി മുതലുള്ള പെൻഷൻ തുക അനുവദിച്ച് നൽകാനുണ്ട്. കൂടാതെ പെൻഷൻകാരുടെ എണ്ണം വർദ്ധിക്കുകയും പെൻഷൻ തുക മാസം 400 രൂപയിൽ നിന്നും 500 രൂപയാക്കി വർദ്ധിപ്പിക്കുകയും ചെയ്ത സാഹചര്യത്തിൽ ഈ ശീർഷകത്തിൽ 828 ലക്ഷം രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 98)

സർക്കാർ സ്വീകരിച്ച നടപടി

2013 ആഗസ്റ്റ് മാസം വരെയുള്ള മത്സ്യത്തൊഴിലാളി, അനുബന്ധത്തൊഴിലാളി പെൻഷൻ വിതരണം ചെയ്യുന്നതിന് അധികമായി ആവശ്യമുള്ള 2,04,62,000 രൂപ G.O.(Rt.) No. 7281/13/Fin. Dated 10-9-2013 പ്രകാരം അഡീഷണൽ ഓതറൈസേഷൻ ആയി അനുവദിച്ചിട്ടുണ്ട്. 2014 മാർച്ച് മാസം വരെ മത്സ്യത്തൊഴിലാളി, അനുബന്ധ തൊഴിലാളി പെൻഷൻ നൽകുന്നതിനായി 22,13,15,000 രൂപ അവസാന ബാച്ചിലെ ഉപധനാഭ്യർത്ഥനയിൽ ഉൾപ്പെടുത്തുന്നതിന് proposal സമർപ്പിച്ചിരുന്നുവെങ്കിലും 13,51,62,000 രൂപ വകയിരുത്തിയിട്ടുണ്ട്. ആയതിൽനിന്നും 25-2-2014-ലെ

സ.ഉ. (സാധാ.) 117/14/മ.തു.വ. പ്രകാരം 11,47,00,000 രൂപ 2013 സെപ്റ്റംബർ മുതൽ

ഡിസംബർ വരെയുള്ള 4 മാസത്തെ പെൻഷൻ വിതരണം ചെയ്യുന്നതിന് നൽകിയിട്ടുണ്ട്.

ശുപാർശ

2405-00-800-92—രജിസ്റ്റർചെയ്ത മത്സ്യത്തൊഴിലാളികളുടെ കുട്ടികൾക്ക് വിദ്യാഭ്യാസാനുകൂല്യം

വിഹിതം : 8,00,00,000 രൂപ (നോൺ പ്ലാന്)

മത്സ്യത്തൊഴിലാളികളുടെ വിവിധ ക്ലാസുകളിൽ പഠിക്കുന്ന മക്കൾക്ക് വിദ്യാഭ്യാസാനുകൂല്യം നൽകുന്നതിന് പ്രതിവർഷം 1385 ലക്ഷം രൂപ ആവശ്യമാണ്. 2012-13 സാമ്പത്തികവർഷത്തെ കുടിശ്ശിക വിതരണം ചെയ്യുന്നതിനും ഈ സാമ്പത്തിക വർഷത്തെ ആനുകൂല്യങ്ങൾ നല്കുന്നതിനുമായി 1200 ലക്ഷം രൂപ ആവശ്യമാണ്. ആയതിനാൽ ഈ ശീർഷകത്തിൽ 1200 ലക്ഷം രൂപ കൂടി വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 99)

സർക്കാർ സ്വീകരിച്ച നടപടി

അധിക തുകയായി 6 കോടി രൂപ 2405-00-800-92—(നോൺ പ്ലാന്) എന്ന ശീർഷകത്തിൽ അഡീഷണൽ ആതറൈസേഷൻ വഴി അനുവദിക്കുന്നതിന് പ്രൊപ്പോസൽ സമർപ്പിച്ചുവെങ്കിലും അത് അനുവദിക്കപ്പെട്ടില്ല. തുടർന്ന് ഉപധനാഭ്യർത്ഥനവഴി തുക കിട്ടുന്നതിന് ശുപാർശ സമർപ്പിച്ചുവെങ്കിലും ആയത് പരിഗണിക്കപ്പെട്ടില്ല. ഒടുവിൽ റീ-അപ്രോപ്രിയേഷൻ മുഖേന തുക വകയിരുത്തുന്നതിന് സർക്കാർ നിർദ്ദേശിച്ചിരുന്നുവെങ്കിലും പദ്ധതിയിതര ശീർഷകങ്ങളിൽ മതിയായ സേവിംഗ്സ് ഇല്ലാതിരുന്നതിനാൽ ഫിഷറീസ് ഡയറക്ടർ പ്രൊപ്പോസൽ സമർപ്പിച്ചില്ല.

ശുപാർശ

2405-00-800-82—മത്സ്യത്തൊഴിലാളികൾക്കുള്ള ഗ്രൂപ്പ് ഇൻഷ്വറൻസ്, ജനറൽ ഇൻഷ്വറൻസ് കോർപ്പറേഷനുള്ള പ്രീമിയം (50% കേന്ദ്രസഹായം)

വിഹിതം : 3,30,00,000 രൂപ (പ്ലാന്)

2013-14 സാമ്പത്തികവർഷം മത്സ്യത്തൊഴിലാളികൾക്കുള്ള ഗ്രൂപ്പ് ഇൻഷ്വറൻസ് തുക 3 ലക്ഷത്തിൽ നിന്നും 5 ലക്ഷമാക്കി വർദ്ധിപ്പിക്കുമ്പോൾ അതിന് ആനുപാതികമായി പ്രീമിയം തുക 150 രൂപയോളം വർദ്ധിക്കുന്ന സാഹചര്യത്തിൽ അതിനായി ഈ ശീർഷകത്തിൽ 65 ലക്ഷം രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 100)

സർക്കാർ സ്വീകരിച്ച നടപടി

2013-14 സാമ്പത്തികവർഷം മത്സ്യത്തൊഴിലാളികളുടെ ഗ്രൂപ്പ് ഇൻഷ്വറൻസ് തുകയുടെ പ്രീമിയം അടയ്ക്കുന്നതിനായി അധികമായി ആവശ്യമുള്ള 70.66 ലക്ഷം രൂപയിൽ അഡീഷണൽ ഓതറൈസേഷൻ ആയി 34,24,000 രൂപ അനുവദിച്ചിട്ടുണ്ട്.

ശുപാർശ

2405-00-800-76—സംയോജിത മത്സ്യബന്ധന വികസന പദ്ധതി (100% എന്.സി.ഡി.സി സഹായം) (സംസ്ഥാനവിഹിതം)

വിഹിതം : 1,00,00,000 രൂപ (പ്ലാന്)

ഐ.എഫ്.ഡി.പി. 2011-12 പദ്ധതിയുടെ കാലാവധി 30-6-2014-ന് അവസാനിക്കുന്നതിനാൽ ഈ ശീർഷകത്തിൽ 700 ലക്ഷം രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 101)

സർക്കാർ സ്വീകരിച്ച നടപടി

ഐ.എഫ്.ഡി.പി. 2011-12 പദ്ധതി നടപ്പിലാക്കുന്നതിനായി 2405-00-800-76 എന്ന ശീർഷകത്തിൽ 664.34 ലക്ഷം രൂപ അഡീഷണൽ ഓതറൈസേഷൻ ആയി അനുവദിക്കുന്നതിന് നടപടി സ്വീകരിച്ചുവരുന്നു. 2011-12,2012-13 എന്നീ വർഷങ്ങളിൽ എന്.സി.ഡി.സി ധനസഹായത്തോടെയുള്ള ഐ.എഫ്.ഡി.പി. പദ്ധതി നടപ്പിലാക്കുന്നതിന് 1251.12 ലക്ഷം രൂപ ഫൈനൽ എസ്.ഡി.ജി.-യിൽ ഉൾപ്പെടുത്തുന്നതിനുള്ള പ്രപ്പോസൽ പരിഗണിച്ചില്ല.

ശുപാർശ

2405-00-800-75—മത്സ്യത്തൊഴിലാളികൾക്ക് ദേശീയ മത്സ്യത്തൊഴിലാളി ക്ഷേമ നിധിയുടെ സഹായത്തോടെ നടപ്പാക്കുന്ന സമ്പാദ്യ സമാശ്വാസ പദ്ധതി (50% CSS)

വിഹിതം : 12,00,00,000 രൂപ (പ്ലാന്)

പഞ്ഞമാസങ്ങളിൽ ഉൾനാടന്/ആഴക്കടൽ മത്സ്യത്തൊഴിലാളികൾക്ക് സഹായം ലഭ്യമാക്കുന്നതിനുള്ള പദ്ധതിയാണിത്. 1.84 ലക്ഷം മത്സ്യത്തൊഴിലാളികൾക്ക് 1200 രൂപ നിരക്കിൽ സഹായം നൽകുന്നതിന് ഈ ശീർഷകത്തിൽ 1000 ലക്ഷം രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 102)

സർക്കാർ സ്വീകരിച്ച നടപടി

2013-14 സാമ്പത്തിക വർഷത്തിൽ സമ്പാദ്യ സമാശ്വാസ പദ്ധതി നടപ്പിലാക്കുന്നതിനായി അധികമായി ആവശ്യമുള്ള 8,41,58,000 രൂപ G.O. (Rt.) No. 7281/13/Fin. dated 10-9-2013 പ്രകാരം അഡീഷണൽ ഓതറൈസേഷൻ ആയി അനുവദിച്ചിട്ടുണ്ട്.

ശുപാർശ

2405-00-800-50—മത്സ്യബന്ധനവുമായി ബന്ധപ്പെട്ട മറ്റു തൊഴിലുകളിൽ ഏർപ്പെട്ടിരിക്കുന്നവർക്കുള്ള ഇൻഷ്വറൻസ് പദ്ധതി

വിഹിതം : 35,00,000 രൂപ (പ്ലാന്)

ഈ സാമ്പത്തികവര്‍ഷം മത്സ്യത്തൊഴില്‍മേഖലയിലെ അനുബന്ധ തൊഴിലാളികളുടെ ഇന്‍ഷ്വറന്‍സ് തുക വര്‍ദ്ധിപ്പിച്ചതിനാല്‍ അതിന് ആനുപാതികമായി വര്‍ദ്ധിച്ച പ്രീമിയം തുക നല്‍കുന്നതിനായി ഈ ശീര്‍ഷകത്തില്‍ 89.95 ലക്ഷം രൂപ കൂടി അധികമായി വകയിരുത്തണമെന്ന് ശുപാര്‍ശ ചെയ്യുന്നു.

(ഖണ്ഡിക 103)

<u>സര്‍ക്കാര്‍ സ്വീകരിച്ച നടപടി</u>

2013-14 സാമ്പത്തികവര്‍ഷം അനുബന്ധ മത്സ്യത്തൊഴിലാളികളുടെ ഇന്‍ഷ്വറന്‍സ് പ്രീമിയം തുക നല്‍കുന്നതിനായി അധികമായി ആവശ്യമുള്ള 95.44 ലക്ഷം രൂപയില്, 83,59,000 രൂപ 12-12-2013-ലെ സ.ഉ. (സാധാ.) 1016/13/മ.തു.വ. നമ്പര്‍ ഉത്തരവ് പ്രകാരം അധികമായി അനുവദിച്ചു.

<u>ശുപാര്‍ശ</u>

2405-00-800-30 —<u>കടുങ്ങല്ലൂര്‍ അക്വാടെക്നോളജി പാര്‍ക്ക്</u>

വിഹിതം : 1000 രൂപ (നോണ്‍ പ്ലാന്)

ആലുവായിലെ കടുങ്ങല്ലൂരിലെ കേരള അക്വാവെന്‍ച്വര്‍ ഇന്റര്‍നാഷണലിന്റെ (കാവില്) പുനരുദ്ധാരണ പ്രവര്‍ത്തനങ്ങള്‍ക്കായി 300 ലക്ഷം രൂപ ഈ ശീര്‍ഷകത്തില്‍ അനുവദിക്കണമെന്ന് സമിതി ശുപാര്‍ശ ചെയ്യുന്നു.

(ഖണ്ഡിക 104)

<u>സര്‍ക്കാര്‍ സ്വീകരിച്ച നടപടി</u>

കടുങ്ങല്ലൂരിലെ കേരള അക്വാവെന്‍ച്വര്‍ ഇന്റര്‍നാഷണലിന്റെ (കാവില്) പുനരുദ്ധാരണ പ്രവര്‍ത്തനങ്ങള്‍ക്കായി അധിക തുക ആവശ്യപ്പെട്ടുകൊണ്ടുള്ള പ്രൊപ്പോസല്‍ കാവില്‍ സമര്‍പ്പിച്ചിട്ടില്ല.

<u>ശുപാര്‍ശ</u>

2405-00-800-29—<u>ബയോളജിക്കല്‍ റിസര്‍ച്ച് ഇന്‍സ്റ്റിറ്റ്യൂട്ടും ഓഷ്യനേറിയവും സ്ഥാപിക്കല്‍</u>

വിഹിതം : 1000 രൂപ (നോണ്‍ പ്ലാന്)

കൊച്ചിയിലെ പുതുവൈപ്പില്‍ ഒരു ഓഷ്യനേറിയം സ്ഥാപിക്കുന്നതിനും ആയതിന്റെ പരിസ്ഥിതി ആഘാത പഠന ചെലവുകള്‍ക്കുമായി 500 ലക്ഷം രൂപ ഈ ശീര്‍ഷകത്തില്‍

അനുവദിക്കണമെന്ന് ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 105)

<u>സർക്കാർ സ്വീകരിച്ച നടപടി</u>

പുതുവൈപ്പിൽ ഓഷ്യനേറിയത്തിന്റെ പാരിസ്ഥിതിക ആഘാത പഠനത്തിനായി അഡീഷണൽ ഓതറൈസേഷൻ ആയി തുക അനുവദിക്കുന്നതിന് പ്രൊപ്പോസൽ സമർപ്പിച്ചുവെങ്കിലും അവസാന ബാച്ച് ഉപധനാഭ്യർത്ഥനയിൽ തുക വകയിരുത്തിയിട്ടില്ല.

<u>ശുപാർശ</u>

2405-00-800-21 —<u>കേരള മത്സ്യത്തൊഴിലാളി കടാശ്വാസ കമ്മീഷൻ</u>

വിഹിതം : 85,00,000 രൂപ (നോൺ പ്ലാന്)

വിവിധ സഹകരണ ബാങ്കുകളിൽ നിന്നും വായ്പയെടുത്തിട്ടുള്ള മത്സ്യത്തൊഴിലാളികൾക്ക് കടാശ്വാസം അനുവദിക്കുന്നതിനായി ഈ ശീർഷകത്തിൽ 14100 ലക്ഷം രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 106)

<u>സർക്കാർ സ്വീകരിച്ച നടപടി</u>

മത്സ്യത്തൊഴിലാളികൾക്ക് കടാശ്വാസം അനുവദിക്കുന്നതിനായി 2405-00-80021— നോൺ പ്ലാൻ എന്ന ശീർഷകത്തിൽ 20 കോടി രൂപ 2013 ജൂലൈ മാസത്തെ ഉപധനാഭ്യർത്ഥനയിൽ അനുവദിച്ചിട്ടുണ്ട്.

<u>ശുപാർശ</u>

2405-00-800-10 —<u>തീരമൈത്രി സേവന സഹായം</u>

വിഹിതം : 5,00,00,000 രൂപ (പ്ലാന്)

ഈ പദ്ധതിയിൻകീഴിലെ മുൻവർഷത്തെ പ്രവർത്തനങ്ങൾ പൂർത്തീകരിക്കുന്നതിനും 2013-14 സാമ്പത്തികവർഷത്തെ പ്രവർത്തനങ്ങൾ നടപ്പിലാക്കുന്നതിനുമായി ഈ ശീർഷകത്തിൽ 415 ലക്ഷം രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 107)

<u>സർക്കാർ സ്വീകരിച്ച നടപടി</u>

തീരമൈത്രി പദ്ധതി 2013-14 വർഷം 5 കോടി രൂപ ചെലവിൽ നടപ്പിലാക്കുന്നതിന് ഭരണാനുമതി നൽകിയിട്ടുണ്ട്. നിലവിലുള്ള ബഡ്ജറ്റ് വിഹിതം പൂർണ്ണമായും ചെലവഴിച്ചു കഴിഞ്ഞിട്ടില്ലാത്തതിനാൽ അധിക തുക ആവശ്യമായി വന്നില്ല.

<u>ശുപാർശ</u>

2405-00-800-09—<u>നാടൻ വള്ളങ്ങളുടെ ആധുനികവത്കരണം</u> (50% കേന്ദ്ര സഹായം)

വിഹിതം : 40,00,000 രൂപ (പ്ലാന്)

പരമ്പരാഗത മത്സ്യത്തൊഴിലാളികൾക്ക് 10 എച്ച്.പി.-ക്കു താഴെയുള്ള ഔട്ട്ബോർഡ് എഞ്ചിനുകൾ മാറ്റിവയ്ക്കുവാൻ 30,000 രൂപ വരെ സബ്സിഡിയായി നൽകുകയെന്നതാണ് ഈ പദ്ധതിയുടെ ലക്ഷ്യം. 2012-13 സാമ്പത്തികവർഷം ഈ ഇനത്തിൽ വകയിരുത്തിയ തുക എല്ലാ അപേക്ഷകർക്കും സഹായം ലഭ്യമാക്കാൻ അപര്യാപ്തമായതിനാൽ ഈ ശീർഷകത്തിൽ 110 ലക്ഷം രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 108)

<u>സർക്കാർ സ്വീകരിച്ച നടപടി</u>

നാടൻ വള്ളങ്ങളുടെ ആധുനികവൽക്കരണത്തിനായി 110 ലക്ഷം രൂപ അധികമായി അനുവദിക്കുന്നതിലേക്കായുള്ള പ്രൊപ്പോസൽ പരിശോധിച്ചു വരുന്നു.

<u>ശുപാർശ</u>

4405-00-103-98—<u>സംയോജിത മത്സ്യബന്ധനവികസന പദ്ധതി</u> (എന്.സി.ഡി.സി. സഹായം)

വിഹിതം : 50,00,000 രൂപ (പ്ലാന്)

ഐ.എഫ്.ഡി.പി. 2011-12 പദ്ധതിയുടെ കാലാവധി 30-6-2014-ന് അവസാനിക്കുമെന്നതിനാൽ ഈ ശീർഷകത്തിൽ 650 ലക്ഷം രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 109)

<u>സർക്കാർ സ്വീകരിച്ച നടപടി</u>

ഐ.എഫ്.ഡി.പി. 2011-12 പദ്ധതിക്ക് വേണ്ടി 620.07 ലക്ഷം രൂപ അഡീഷണൽ ഓതറൈസേഷൻ ആയി തുക അനുവദിക്കുന്ന കാര്യം പരിശോധിച്ചുവരുന്നു. 2011-2012, 2012-13 വർഷങ്ങളിലെ IFDP പദ്ധതി നടപ്പിലാക്കുന്നതിന് 898.39 ലക്ഷം രൂപ അവസാന ബാച്ച് SDG-യിൽ ഉൾപ്പെടുത്തുന്നതിന് പ്രൊപ്പോസൽ സമർപ്പിച്ചിരുന്നുവെങ്കിലും ആയത് വകയിരുത്തിയിട്ടില്ല.

<u>ശുപാർശ</u>

4405-00-104-97 —വിഴിഞ്ഞം മത്സ്യബന്ധന തുറമുഖത്തിന്റെ വികസനം (കേന്ദ്രാവിഷ്കൃത പദ്ധതി 50% കേന്ദ്ര ധനസഹായം)

വിഹിതം : ഇല്ല

രണ്ടും മൂന്നും ഘട്ടങ്ങളുടെ വികസന പ്രവർത്തനങ്ങൾ പൂർത്തിയായിക്കൊണ്ടിരിക്കുന്ന വിഴിഞ്ഞം മത്സ്യബന്ധന തുറമുഖ പദ്ധതിയുടെ ഡ്രെഡ്ജിംഗ് പണികളും അനുബന്ധ പ്രവൃത്തികളും പൂർത്തീകരിക്കുന്നതിനായി 175 ലക്ഷം രൂപ ഈ ശീർഷകത്തിൽ അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 110)

സർക്കാർ സ്വീകരിച്ച നടപടി

വിഴിഞ്ഞം മത്സ്യബന്ധന തുറമുഖ പദ്ധതിയുടെ ഡ്രെഡ്ജിംഗ് പണികളും അനുബന്ധ പ്രവൃത്തികളും പൂർത്തീകരിക്കുന്നതിനായി 145 ലക്ഷം രൂപ അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്തിരുന്നു. എന്നാൽ ഖബർ സംരക്ഷണം സംബന്ധിച്ച ജമാഅത്ത് ഭാരവാഹികളുടെ എതിർപ്പ് ഇപ്പോഴും പരിഹരിച്ചിട്ടില്ല. ഇതിന് പരിഹാരം ഉണ്ടായെങ്കിൽ മാത്രമേ പ്രവൃത്തികൾ ആരംഭിക്കുവാൻ കഴിയുകയുള്ളൂ.

ശുപാർശ

4405-00-104-84—തലായി മത്സ്യബന്ധന തുറമുഖ പദ്ധതി (50% കേന്ദ്രാവിഷ്കൃതം)

വിഹിതം: ഇല്ല.

കണ്ണൂർ ജില്ലയിലെ തലായി ഫിഷിംഗ് ഹാർബറിന്റെ പണി പൂർത്തിയാക്കുന്നതിനായി 424 ലക്ഷം രൂപ ഈ സാമ്പത്തികവർഷം ഈ ശീർഷകത്തിൽ അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 111)

സർക്കാർ സ്വീകരിച്ച നടപടി

ടി പദ്ധതിക്കായി 400 ലക്ഷം രൂപ 4405-00-104-66—തലായി മത്സ്യബന്ധന തുറമുഖം (75% കേന്ദ്രാവിഷ്കൃത പദ്ധതി) എന്ന ശീർഷകത്തിൽ നിന്ന് ധനപുനർവിനിയോഗം ചെയ്യുന്നതിനായുള്ള ചീഫ് എഞ്ചിനീയറുടെ പ്രൊപ്പോസൽ പരിഗണിച്ചില്ല. കുടിശ്ശിക ബില്ല് തീർപ്പാക്കുന്നതിനായി ധനപുനർവിനിയോഗം വഴി 1,45,43,000 രൂപ അനുവദിച്ചിട്ടുണ്ട്.

ശുപാർശ

4405-00-104-83 —പുതിയ മത്സ്യബന്ധന തുറമുഖ കേന്ദ്രങ്ങൾ കണ്ടെത്തൽ

വിഹിതം : 25,00,000 രൂപ (പ്ലാന്)

വലിയതുറ, ചിലക്കൂര്, വർക്കല, സൗത്ത് പറവൂര്, പുതിയങ്ങാടി, പരപ്പനങ്ങാടി, പൂന്തുറ, പതിയാങ്കര, അജാന്നൂർ എന്നീ ഫിഷിംഗ് ഹാർബറുകളുടെ അന്വേഷണ ഗവേഷണ പ്രവർത്തനങ്ങൾക്കും, വെള്ളയില്, പരപ്പനങ്ങാടി, താനൂര്, അർത്തുങ്കല്, വലിയതുറ എന്നീ തുറമുഖങ്ങളുടെ അനുബന്ധ പഠനങ്ങൾക്കുംവേണ്ടി ഈ ശീർഷകത്തിൽ വകയിരുത്തിയ തുക തീരെ അപര്യാപ്തമായതിനാൽ അധികമായി 125 ലക്ഷം രൂപ വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 112)

സർക്കാർ സ്വീകരിച്ച നടപടി

ടി ശീർഷകത്തിൽ 125 ലക്ഷം രൂപ അനുവദിക്കുന്നതിനായി ഒന്നാം ഉപധനാഭ്യർത്ഥനയിൽ ഉൾപ്പെടുത്തുന്നതിനുള്ള പ്രൊപ്പോസൽ അംഗീകരിച്ചില്ല. തുടർന്ന് 100 ലക്ഷം രൂപ ധനപുനർവിനിയോഗം മുഖേന അനുവദിക്കുന്നതിനുള്ള പ്രൊപ്പോസൽ പരിശോധിച്ചു വരുന്നു.

ശുപാർശ

4405-00-104-80—കൊയിലാണ്ടി മത്സ്യബന്ധന തുറമുഖം (50% കേന്ദ്രാവിഷ്കൃത പദ്ധതി)

വിഹിതം : ഇല്ല

കൊയിലാണ്ടി മത്സ്യബന്ധ തുറമുഖത്തിന്റെ അവശേഷിക്കുന്ന ഡ്രഡ്ജിംഗ് റിക്ലമേഷന്, അനുബന്ധ പ്രവൃത്തികൾ എന്നിവ ചെയ്ത് പദ്ധതി പൂർത്തീകരിക്കുന്നതിനായി ഈ ശീർഷകത്തിൽ 1039.98 ലക്ഷം രൂപ അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 113)

സർക്കാർ സ്വീകരിച്ച നടപടി

ടി പദ്ധതിക്കായി 134.25 ലക്ഷം രൂപ അനുവദിക്കുന്നതിനായി ഒന്നാം ഉപ ധനാഭ്യർത്ഥനയിൽ ഉൾപ്പെടുത്തി ചീഫ് എഞ്ചിനീയർ സമർപ്പിച്ച പ്രൊപ്പോസൽ അംഗീകരിച്ചില്ല. അടിയന്തര ബില്ലുകൾ തീർപ്പാക്കുന്നതിനായി 40 ലക്ഷം രൂപ ധന പുനർവിനിയോഗത്തിലൂടെ അനുവദിച്ചിട്ടുണ്ട്. കൂടാതെ ഉപധനാഭ്യർത്ഥനയിൽ 73 ലക്ഷം രൂപ (എസ്റ്റാബ്ലിഷ്മെന്റ് ചെലവായ 23 ലക്ഷം ഉൾപ്പെടെ) അനുവദിക്കുന്നതിനുള്ള പ്രൊപ്പോസൽ ചീഫ് എഞ്ചിനീയർ സമർപ്പിച്ചെങ്കിലും പരിഗണിച്ചിട്ടില്ല.

ശുപാർശ

4405-00-104-74 —ചെത്തി മത്സ്യബന്ധന തുറമുഖം (50% കേന്ദ്ര വിഹിതം)

വിഹിതം : ഇല്ല

ചെത്തി മത്സ്യബന്ധന തുറമുഖത്തിന്റെ രണ്ടാം ഘട്ട നിർമ്മാണ പ്രവർത്തികൾക്കായി 100 ലക്ഷം രൂപ ഈ ശീർഷകത്തിൽ അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 114)

സർക്കാർ സ്വീകരിച്ച നടപടി

ഏർപ്പാടാക്കിയ പ്രവൃത്തികൾ തീർപ്പാക്കുന്നതിനായി 15 ലക്ഷം രൂപ അനുവദിക്കുന്നതിനായി ഒന്നാം ഉപധനാഭ്യർത്ഥനയിൽ ചീഫ് എഞ്ചിനീയർ സമർപ്പിച്ച പ്രൊപ്പോസൽ പരിഗണിച്ചില്ല. രണ്ടാം ഘട്ട നിർമ്മാണ പ്രവൃത്തികൾക്കായി തുക വകയിരുത്തുന്ന കാര്യം പ്രൊപ്പോസൽ ലഭ്യമാക്കുന്ന മുറയ്ക്ക് പരിശോധിക്കുന്നതാണ്.

ശുപാർശ

4405-00-104-73 —ചേറ്റുവ മത്സ്യബന്ധന തുറമുഖം (75% കേന്ദ്ര വിഹിതം)

വിഹിതം : 10,00,00,000 രൂപ (പ്ലാന്)

ചേറ്റുവ മത്സ്യബന്ധന തുറമുഖത്തിന്റെ പ്രവൃത്തികൾക്കായി 2013-14 സാമ്പത്തിക വർഷത്തേക്ക് 200 ലക്ഷം രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 115)

സർക്കാർ സ്വീകരിച്ച നടപടി

അധിക തുക ആവശ്യപ്പെടുന്നപക്ഷം തുക അനുവദിക്കുന്നകാര്യം പരിശോധിക്കുന്നതാണ്.

ശുപാർശ

4405-00-104-72 —ചെറുവത്തൂർ മത്സ്യബന്ധന തുറമുഖം (75% കേന്ദ്ര വിഹിതം)

വിഹിതം : 12,00,00,000 രൂപ (പ്ലാന്)

ചെറുവത്തൂർ മത്സ്യബന്ധന തുറമുഖ പദ്ധതി അടിയന്തരമായി പൂർത്തീകരിക്കണമെന്ന് കേന്ദ്ര സർക്കാരിന്റെ നിർദ്ദേശമുള്ളതിനാൽ പദ്ധതി പൂർത്തീകരണത്തിനായി 110 ലക്ഷം രൂപ ഈ സാമ്പത്തികവർഷം അധികമായി വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 116)

<u>സർക്കാർ സ്വീകരിച്ച നടപടി</u>

അധികതുക ആവശ്യപ്പെടുന്ന പക്ഷം തുക അനുവദിക്കുന്നകാര്യം പരിശോധിക്കുന്നതാണ്.

<u>ശുപാർശ</u>

4405-00-104-71 —<u>മഞ്ചേശ്വരം മത്സ്യബന്ധന തുറമുഖം</u> (75% കേന്ദ്ര വിഹിതം)

വിഹിതം : ഇല്ല

മഞ്ചേശ്വരം മത്സ്യബന്ധന തുറമുഖ പദ്ധതിയ്ക്ക് കേന്ദ്ര സഹായമായി 100 ലക്ഷം രൂപ ലഭിച്ചിട്ടുണ്ട്. ആയതിനാൽ സംസ്ഥാന വിഹിതമായി 50 ലക്ഷം രൂപ കൂടി വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 117)

<u>സർക്കാർ സ്വീകരിച്ച നടപടി</u>

ടി ശീർഷകത്തിൽ 100 ലക്ഷം രൂപ ഒന്നാം ഉപധനാഭ്യർത്ഥനയിലൂടെ അനുവദിച്ചിട്ടുണ്ട്. അധികതുക ആവശ്യപ്പെടുന്ന പക്ഷം തുക അനുവദിക്കുന്ന കാര്യം പരിശോധിക്കുന്നതാണ്.

<u>ശുപാർശ</u>

4405-00-104-63—<u>കടലോര മത്സ്യബന്ധനവും, അടിസ്ഥാന സൗകര്യവും മത്സ്യ വിളവെടുപ്പിന് ശേഷമുള്ള വികസന പദ്ധതിയ്ക്ക് കീഴിൽ തൃശ്ശൂർ മുനയ്ക്കക്കടവിൽ മത്സ്യം കരയ്ക്കടുപ്പിക്കുന്നതിനുള്ള കേന്ദ്രത്തിന്റെ നിർമ്മാണം</u> (75% കേന്ദ്ര സഹായം)

വിഹിതം : ഇല്ല

തൃശ്ശൂർ മുനയ്ക്കക്കടവിൽ മത്സ്യം കരയ്ക്കടുപ്പിക്കുന്നതിനുള്ള കേന്ദ്ര നിർമ്മാണ പദ്ധതിയ്ക്ക് 73.2 ലക്ഷം രൂപ കേന്ദ്ര സഹായമായി ലഭിച്ചിട്ടുണ്ട്. ആയതിനാൽ സംസ്ഥാന വിഹിതമായി 100 ലക്ഷം രൂപ ഈ ശീർഷകത്തിൽ അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 118)

<u>സർക്കാർ സ്വീകരിച്ച നടപടി</u>

ടി ശീർഷകത്തിൽ 73.25 ലക്ഷം രൂപ ഒന്നാം ഉപധനാഭ്യർത്ഥനയിലൂടെ അനുവദിച്ചിട്ടുണ്ട്. അവസാന ഉപധനാഭ്യർത്ഥനയിൽ 24.5 ലക്ഷം രൂപയും അനുവദിച്ചിട്ടുണ്ട്.

<u>ശുപാർശ</u>

4405-00-800-80 —<u>തീരദേശ റോഡുകളുടെ നിലവാരം മെച്ചപ്പെടുത്തൽ</u>

വിഹിതം : 55,00,00,000 (നോൺ പ്ലാന്)

ഭരണാനുമതി ലഭിച്ച നിരവധി തീരദേശ റോഡുകളുടെ നിർമ്മാണ പരിപാലന പ്രവൃത്തികൾ ഈ സാമ്പത്തികവർഷം നടപ്പിലാക്കേണ്ടതുള്ളതിനാൽ 25 കോടി രൂപ ഈ ശീർഷകത്തിൽ അധികമായി വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 119)

സർക്കാർ സ്വീകരിച്ച നടപടി

18 കോടി രൂപ അധിക തുകയായി വകയിരുത്തുന്നതിന് ശുപാർശ സമർപ്പിച്ചിരുന്നു വെങ്കിലും ആയത് ധനകാര്യവകുപ്പ് നിരസിച്ചു.

ശുപാർശ

4405-00-800-78 —ആലപ്പുഴ വടക്ക് അന്ധകാരനാഴി പാലം നിർമ്മാണം

വിഹിതം : ഇല്ല

ആലപ്പുഴ അന്ധകാരനാഴി വടക്കേ പാലത്തിന്റെ നിർമ്മാണം പൂർത്തീകരിക്കുന്നതിന് 500 ലക്ഷം രൂപ ഈ ശീർഷകത്തിൽ അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 120)

സർക്കാർ സ്വീകരിച്ച നടപടി

ഒന്നാം ഉപധനാഭ്യർത്ഥനയിൽ 446 ലക്ഷം രൂപ അനുവദിക്കുന്നതിന് പ്രൊപ്പോസൽ സമർപ്പിച്ചെങ്കിലും പരിഗണിച്ചില്ല. ടി പദ്ധതിക്കായി 86.52 ലക്ഷം രൂപയുടെ അധിക തുകാനുമതി ലഭിച്ചിട്ടുണ്ട്. കൂടാതെ 446 ലക്ഷം രൂപ അനുവദിക്കുന്നതിനായി അവസാന ഉപധനാഭ്യർത്ഥനയിൽ ഉൾപ്പെടുത്തി പ്രൊപ്പോസൽ സമർപ്പിച്ചിരുന്നുവെങ്കിലും ആയത് ലഭിച്ചിട്ടില്ല. കുടിശ്ശിക ബില്ല് തീർപ്പാക്കുന്നതിനായി 73 ലക്ഷം ധനപുനർവിനിയോഗം മുഖേന അനുവദിച്ചിട്ടുണ്ട്.

ശുപാർശ

4405-00-800-76 —സംയോജിത തീരദേശ വികസനം

വിഹിതം : 1, 60, 00, 000 രൂപ (പ്ലാന്)

പൊന്നാനി താലൂക്ക് ആശുപത്രി ഐ.പി. ബ്ലോക്ക് നിർമ്മാണം, വലിയ വേളി ആശുപത്രി കെട്ടിട നിർമ്മാണം എന്നിവയ്ക്ക് അനുവദിച്ച തുക അപര്യാപ്തമായതിനാൽ 246 ലക്ഷം രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 121)

<u>സർക്കാർ സ്വീകരിച്ച നടപടി</u>

4405-00-800-76—(പ്ലാന്) എന്ന ശീർഷകത്തിൽ 1,60,00,000 രൂപ വകയിരുത്തിയിരുന്നു. പൊന്നാനി താലൂക്ക് ആശുപത്രിയുടെ ഐ.പി.ബ്ലോക്ക് നിർമ്മാണത്തിനായി 2,00,00,000 രൂപയുടെ (രണ്ടുകോടി രൂപ) ഭരണാനുമതി ലഭിച്ചിരുന്നു. പ്രവൃത്തിയുടെ നിർവ്വഹണ ഏജൻസി കേരള സംസ്ഥാന തീരദേശ വികസന കോർപ്പറേഷൻ ആണ്. 13-2-2014-ലെ (ആർടി.) 138/2014/എഫ്&പി.ഡി. നമ്പർ സർക്കാർ ഉത്തരവ് പ്രകാരം 16 ലക്ഷം രൂപ അനുവദിക്കുകയും ടി തുക ടി കോർപ്പറേഷന് കൈമാറുകയും ചെയ്തിരുന്നു. തുടർന്ന് അധിക തുക ആവശ്യപ്പെട്ടിരുന്നു എങ്കിലും 28-3-2014-ലെ (ആർടി.) 283/14/എഫ്&പി.ഡി. നമ്പർ സർക്കാർ ഉത്തരവ് പ്രകാരം 24 ലക്ഷം രൂപ മാത്രമാണ് അനുവദിക്കപ്പെട്ടത്. ടി തുക കൈമാറിയിട്ടുമുണ്ട്. വലിയ വേളി ആശുപത്രി കെട്ടിടത്തിന്റെ നിർമ്മാണ ചെലവ് ICADP പദ്ധതിയിൽ ഉൾപ്പെടുത്തി KSCADC പൂർത്തീകരിച്ചു വരുന്നതിനാൽ അധിക തുകയ്ക്കായി പ്രൊപ്പോസൽ സമർപ്പിച്ചിരുന്നില്ല.

<u>ശുപാർശ</u>

6405-00-195-99—<u>മത്സ്യബന്ധന വികസനത്തിന് സമഗ്ര മാർഗ്ഗ നിർദ്ദേശ പദ്ധതിക്കായി മത്സ്യഫെഡിന് കൊടുക്കുന്ന വായ്പ (എന്.സി.ഡി.സി. സഹായം)</u>

വിഹിതം : 18,00,00,000 രൂപ (പ്ലാന്)

ഐ.എഫ്.ഡി.പി. 2011-12 പദ്ധതിയുടെ കാലാവധി 30-6-2014-ന് അവസാനിക്കുന്നതിനാൽ ഈ ശീർഷകത്തിൽ 100 ലക്ഷം രൂപ കൂടി വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 122)

<u>സർക്കാർ സ്വീകരിച്ച നടപടി</u>

6405-00-195-99—എന്ന ശീർഷകത്തിൽ നടപ്പു സാമ്പത്തിക വർഷം 18 കോടി വകയിരുത്തിയിട്ടുണ്ട്.

<u>ശുപാർശ</u>

4405-00-104 —<u>മത്സ്യബന്ധന തുറമുഖങ്ങളും കരയ്ക്കടുപ്പിക്കുന്നതിനുള്ള സൗകര്യങ്ങളും</u>

സംസ്ഥാന ഹാർബർ എഞ്ചിനീയറിംഗ് വകുപ്പിന് ഈ സാമ്പത്തികവർഷം ഭരണാനുമതി ലഭിച്ചതും 75% കേന്ദ്ര സഹായമുള്ളതുമായ വർക്കല ചിലക്കൂർ മത്സ്യബന്ധന

തുറമുഖം, കാസറഗോഡ് അജാന്നൂർ മത്സ്യബന്ധന തുറമുഖം, കൂടാതെ ഉടനെ ഭരണാനുമതി ലഭിക്കുമെന്ന് പ്രതീക്ഷിക്കപ്പെടുന്ന തൃക്കുന്നപ്പുഴ മത്സ്യബന്ധന തുറമുഖം എന്നീ പദ്ധതികൾക്കായി പുതിയ ശീർഷകങ്ങളും ടോക്കൺ വിഹിതവും അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 123)

<u>സർക്കാർ സ്വീകരിച്ച നടപടി</u>

വർക്കല ചിലക്കൂർ മത്സ്യബന്ധന തുറമുഖത്തിനായി 4405-00-104-56 എന്ന ശീർഷകവും 1,000 രൂപ ടോക്കൺ വിഹിതവും ഒന്നാം ഉപധനാഭ്യർത്ഥനയിലൂടെ അനുവദിച്ചിട്ടുണ്ട്. അജാന്നൂര്, തൃക്കുന്നപ്പുഴ എന്നീ മത്സ്യബന്ധന തുറമുഖങ്ങൾക്കുള്ള പുതിയ ശീർഷകങ്ങൾ അനുവദിച്ചിട്ടില്ല.

<u>ശുപാർശ</u>

**മത്സ്യബന്ധന തുറമുഖങ്ങളെ യൂറോപ്യൻ നിലവാരത്തിലേക്ക് ഉയർത്തൽ (സ്റ്റേറ്റ് പ്ലാന്)**

കേരളത്തിലെ മത്സ്യബന്ധന തുറമുഖങ്ങളുടെ സൗകര്യങ്ങളും കുറവുകളും വിലയിരുത്തി ശുചിയായ രീതിയിൽ മത്സ്യം സൂക്ഷിക്കുന്നതിനും കൈകാര്യം ചെയ്യുന്നതിനും മത്സ്യ കയറ്റുമതി രംഗത്തെ നിലവിലുള്ള പ്രതികൂല അവസ്ഥ പരിഹരിക്കുന്നതിനുമായി മത്സ്യബന്ധന തുറമുഖങ്ങളെ യൂറോപ്യൻ നിലവാരത്തിലേക്ക് ഉയർത്തുന്നതിനുള്ള പദ്ധതിക്കായും മത്സ്യബന്ധന തൊഴിലാളികൾക്ക് അവബോധം നൽകുന്നതിനുമായി പരിപാടികൾ ആവിഷ്കരിച്ച് നടപ്പിലാക്കേണ്ടതിന് ഒരു പുതിയ ശീർഷകത്തിൽ 200 ലക്ഷം രൂപ വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 124)

<u>സർക്കാർ സ്വീകരിച്ച നടപടി</u>

ടി പദ്ധതിക്കായി പുതിയ ശീർഷകം അനുവദിച്ചിട്ടില്ല.

<u>ശുപാർശ</u>

**മത്സ്യബന്ധന തുറമുഖങ്ങളുടെ പ്രധാന അറ്റകുറ്റപ്പണികളും വലിയ തോതിലുള്ള നിർമ്മാണ പ്രവൃത്തികളും (സ്റ്റേറ്റ് പ്ലാന്)**

നിലവിൽ മത്സ്യബന്ധന തുറമുഖങ്ങളുടേയും മത്സ്യം കരയ്ക്കടുപ്പിക്കൽ കേന്ദ്രങ്ങളുടേയും നിർമ്മാണത്തിന് ഭൂമി ഏറ്റെടുക്കുന്നതിനും കമ്മീഷൻ ചെയ്ത മത്സ്യബന്ധന തുറമുഖങ്ങളിലേയും മത്സ്യം കരയ്ക്കടുപ്പിക്കൽ കേന്ദ്രങ്ങളുടേയും പുലിമുട്ടുകളുടെ നീളം കൂട്ടല്, വാർഫ് നീളം കൂട്ടല്, റോഡ് നിർമ്മാണം, യാർഡ് നീളം കൂട്ടൽ എന്നീ പ്രവൃത്തികൾക്കും തുക

വിനിയോഗിക്കുന്നതിന് ഒരു ശീർഷകം നിലവിലില്ല എന്ന് സമിതി മനസ്സിലാക്കുന്നു. ഇപ്രകാരമുള്ള പ്രവർത്തനങ്ങൾക്കായി ഒരു പുതിയ ശീർഷകം അനുവദിക്കണമെന്നും ആയതിലേക്ക് 300 ലക്ഷം രൂപ ഈ സാമ്പത്തികവർഷം വകയിരുത്തണമെന്നും സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 125)

<u>സർക്കാർ സ്വീകരിച്ച നടപടി</u>

ടി പദ്ധതിക്കായി പുതിയ ശീർഷകം അനുവദിച്ചിട്ടില്ല

<u>ശുപാർശ</u>

**പുതിയ പദ്ധതികളുടെ സാദ്ധ്യതാ പഠനം (സ്റ്റേറ്റ് പ്ലാന്)**

പദ്ധതികളുടെ പ്രാഥമിക ഘട്ടമായ സാങ്കേതികവും, സാമൂഹികവുമായ സാദ്ധ്യതാ പഠനം, പുറം കരാർ കൊടുക്കുന്ന ഇൻവെസ്റ്റിഗേഷൻ പ്രവൃത്തികൾ ഹാർബർ എഞ്ചിനീയറിംഗ് വകുപ്പ് നേരിട്ട് ചെയ്യുന്ന ഇൻവെസ്റ്റിഗേഷൻ പ്രവൃത്തികള്, ശാസ്ത്ര സാങ്കേതിക ഉപകരണങ്ങള്, കമ്പ്യൂട്ടർ സോഫ്റ്റ്‌വെയര്, സർവ്വേ, രൂപകൽപ്പന എന്നിവയ്ക്ക് വാങ്ങിക്കുന്ന ഫണ്ടുകൾ വിനിയോഗിക്കുന്നതിന് ഒരു പ്രത്യേക ശീർഷകം അനുവദിക്കണമെന്ന് ആയതിലേക്ക് 200 ലക്ഷം രൂപ വകയിരുത്തണമെന്നും സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 126)

<u>സർക്കാർ സ്വീകരിച്ച നടപടി</u>

ടി പദ്ധതികൾക്കായി പുതിയ ശീർഷകവും 200 ലക്ഷം രൂപയും അനുവദിക്കണമെന്ന് സമിതി ശുപാർശ പ്രകാരം പ്രൊപ്പോസൽ സമർപ്പിച്ചിരുന്നുവെങ്കിലും ശീർഷകവും തുകയും അനുവദിച്ചിട്ടില്ല.

<u>ശുപാർശ</u>

ഓൺഷോര്/ഓഫ്ഷോർ എഞ്ചിനീയറിംഗ് (സ്റ്റേറ്റ് പ്ലാന്)—മത്സ്യബന്ധന തുറമുഖം, തുറമുഖ നിർമ്മാണം എന്നിവയ്ക്ക് പുറമെ തീരദേശത്തെ അടിസ്ഥാനസൗകര്യങ്ങളായ റോഡുകള്, പാലങ്ങള്, കെട്ടിടങ്ങള്, ശുദ്ധജല വിതരണം, സ്കൂളുകള്, ഡിസ്പെൻസറികള്, ഐസ്പ്ലാന്റുകള്, നടപ്പാത, ടൂറിസം-അനുബന്ധ പ്രവർത്തനങ്ങൾ എന്നിവയും ഹാർബർ എഞ്ചിനീയറിംഗ് വകുപ്പ് ഏറ്റെടുത്ത് നടപ്പിലാക്കുന്നുണ്ട്. ആയതിന് ഒരു പ്രധാന ശീർഷകം അനുവദിക്കണമെന്നും ആഴക്കടൽ മത്സ്യബന്ധനം, ഓഷ്യൻ വിൻഡ് ഫാം, വേവ് എനർജി പ്ലാന്റുകള്, തെർമൽ എനർജി പ്ലാന്റുകള്, ആഴക്കടൽ റീഫുകള്, കപ്പൽ ഗതാഗത നിയന്ത്രണ സംവിധാനം എന്നിവയ്ക്കായി ഒരു പുതിയ ശീർഷകം അനുവദിക്കണമെന്നും, ടി ശീർഷകത്തിൽ 100 ലക്ഷം രൂപ വകയിരുത്തണമെന്നും സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 127)

<u>സർക്കാർ സ്വീകരിച്ച നടപടി</u>

ടി പദ്ധതിക്കായി പുതിയ ശീർഷകവും 100 ലക്ഷം രൂപയും വകയിരുത്തണമെന്ന് സമിതി ശുപാർശ പ്രകാരം പ്രൊപ്പോസൽ സമർപ്പിച്ചിരുന്നുവെങ്കിലും ശീർഷകവും തുകയും അനുവദിച്ചിട്ടില്ല.

**ഭാഗം II**

കൃഷിയും മൃഗസംരക്ഷണവും മത്സ്യബന്ധനവും സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി I-ന്റെ 2013-2014-ലെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച മൂന്നാമത് റിപ്പോർട്ടിലെ സർക്കാരിൽ നിന്നും മറുപടി ലഭിക്കാത്ത ശുപാർശകൾ

## കൃഷി വകുപ്പ്

2401-00-102-84—ഉല്പാദന വർദ്ധനവിനായി നെൽകൃഷിക്കാർക്കുള്ള പ്രോത്സാഹന സഹായം

ഗ്രൂപ്പ് ഫാമിംഗ് സമ്പ്രദായത്തിൽ പങ്കാളികളാകുന്ന നെൽകൃഷിക്കാർക്ക് ഒരു സീസണിൽ ഒരു ഹെക്ടർ സ്ഥലത്തേക്ക് 1,000 രൂപ ഉൽപ്പാദന പ്രോത്സാഹന സഹായം നൽകുന്നതിനുള്ള പരിപാടിയാണിത്. ഇപ്രകാരം വർഷത്തിൽ മൂന്നു തവണ കൃഷിയിറക്കുന്ന കർഷകന് ഹെക്ടറിന് 3,000 രൂപ ലഭിക്കുന്നതാണ്. ഇതിനായി നടപ്പു സാമ്പത്തിക വർഷം ബഡ്ജറ്റിൽ അനുവദിച്ച തുക അപര്യാപ്ത മായതിനാൽ 869.6 ലക്ഷം രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 1)

2401-00-108-33—പൈനാപ്പിൾ മിഷൻ

വിഹിതം : ഇല്ല.

കൈതച്ചക്കയുടെ കയറ്റുമതി സാധ്യത മുന്നിൽക്കണ്ട് കൈതച്ചക്കയുടെ ഉൽപ്പാദനം, സംസ്കരണം, വിപണനം, കയറ്റുമതി എന്നിവ ലക്ഷ്യമിട്ട് സംസ്ഥാനത്ത് ഒരു പൈനാപ്പിൾ മിഷൻ പദ്ധതിക്ക് 2012 -2013-ൽ തുടക്കം കുറിച്ചിട്ടുണ്ടെങ്കിലും 2013-2014-ലെ ബഡ്ജറ്റിൽ തുക വകയിരുത്തിയിട്ടില്ല. ആയതിനാൽ ഈ ശീർഷകത്തിൽ 100 ലക്ഷം രൂപ വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 4)

2401-00-110-94—കാലാവസ്ഥ അടിസ്ഥാന ഇൻഷ്വറൻസ്

വിഹിതം : 50,00,000 രൂപ (പ്ലാൻ)

നെല്ല്, കശുമാവ്, മാവ് എന്നീ വിളകൾക്ക് ഇൻഷ്വറൻസ് പരിരക്ഷ നൽകുന്നതിനായി ആരംഭിച്ച കാലാവസ്ഥ അടിസ്ഥാന ഇൻഷ്വറൻസ് പദ്ധതി എല്ലാത്തരം പ്രധാന കാർഷിക വിളകൾക്കും ഏർപ്പെടുത്തുന്നതിനായി 2000 ലക്ഷം രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 5)

2401-00-113-83—കാർഷിക സേവന കേന്ദ്രവും സേവനം എത്തിക്കലും

വിഹിതം : 2,95,00,000 രൂപ (പ്ലാൻ)

കർഷകർക്ക് മികച്ച സേവനം നൽകുന്നതിനും വിജ്ഞാന വ്യാപന പ്രവർത്തനം നിർവ്വഹിക്കുന്നതിനുമുളള സ്ഥാപനങ്ങളായി കൃഷി ഭവനുകളെ സജ്ജമാക്കുന്ന പദ്ധതി വിഭാവനം ചെയ്യുന്നതിനാൽ സാങ്കേതികവിദ്യ കൈ മാറ്റത്തിനും സേവന വിതരണത്തിനും മറ്റു തുടർപ്രവർത്തനങ്ങൾക്കുമായി 2013-2014 സാമ്പത്തിക വർഷത്തിൽ ഈ ശീർഷകത്തിൽ അധികമായി 805 ലക്ഷം രൂപ വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 6)

2401-00-113-82—<u>ഹൈടെക്ക് അഗ്രിക്കൾച്ചർ</u>

വിഹിതം: 12,00,00,000 രൂപ (പ്ലാൻ)

2012-13 സാമ്പത്തിക വർഷം തുടക്കം കുറിച്ച ഹൈടെക്ക് ഫാമിംഗ് പദ്ധതി മുനിസിപ്പാലിറ്റികളിലും കോർപ്പറേഷനുകളിലും കൂടി വ്യാപിപ്പിച്ച് പച്ചക്കറി ഉൽപ്പാദനം വർദ്ധിപ്പിക്കുന്നതിനായി 4200 ലക്ഷം രൂപ അധികമായി വകയിരുത്ത ണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 7)

2401-00-115-99—<u>ചെറുകിട നാമമാത്ര കർഷകർക്ക് സൗജന്യമായി വൈദ്യുതി നൽകുന്ന പദ്ധതി.</u>

വിഹിതം : 29,81,00,000 രൂപ (നോൺ പ്ലാൻ)

ചെറുകിട നാമമാത്ര കർഷകർക്ക് സൗജന്യമായി വൈദ്യുതി നൽകുന്ന പദ്ധതി പ്രകാരം വൈദ്യുതി ചാർജ്ജിനായി ഒരു വർഷം 35 കോടി രൂപ ആവശ്യ മുളളതിനാൽ ഈയിനത്തിൽ അധികമായി 600 ലക്ഷം രൂപ വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 8)

2401-00-115-98—<u>ചെറുകിട നാമമാത്ര കർഷക പെൻഷൻ</u>

വിഹിതം : 103,20,00,000 രൂപ (നോൺ പ്ലാൻ)

ചെറുകിട നാമമാത്ര കർഷക പെൻഷൻ പ്രതിമാസം 400 രൂപയിൽ നിന്നും 500 രൂപയായി വർദ്ധിപ്പിക്കുന്നതാണെന്ന് 2013-2014-ലെ ബഡ്ജറ്റ് പ്രസംഗത്തിൽ പ്രഖ്യാപിച്ചിരുന്നുവെങ്കിലും ആയതിന് ആവശ്യമായ വിഹിതം വകയിരുത്തിയിട്ടില്ല. ആയതിനാൽ ഇപ്രകാരം തുക വർദ്ധിപ്പിച്ചു നൽകുന്നതിനായി ഈ ശീർഷകത്തിൽ 2780 ലക്ഷം രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 9)

2401-00-119-85—സംസ്ഥാന ഹോർട്ടികൾച്ചർ മിഷൻ-കൃഷി വകുപ്പു മുഖേനയുള്ള പച്ചക്കറി വികസനം

വിഹിതം : 56,25,00,000 രൂപ (പ്ലാൻ)

സംസ്ഥാനത്തെ എല്ലാ സർക്കാർ/എയ്ഡഡ് സ്കൂളുകളിലും ബയോഗ്യാസ് പ്ലാന്റുകൾ സ്ഥാപിക്കുന്നതിനായി ഈ ശീർഷകത്തിൽ 2500 ലക്ഷം രൂപ ഒറ്റത്തവണ സഹായമായി വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 10)

2401-00-800-27—വയനാട് പാക്കേജ്

വിഹിതം: 19,00,00,000 രൂപ (പ്ലാൻ)

ഈ ശീർഷകത്തിൽ ചെറുകിട ജലസേചനത്തിനായി വകയിരുത്തിയിരിക്കുന്ന 5 കോടി രൂപയ്ക്കു പുറമേ, ലിഫ്റ്റ് ഇറിഗേഷൻകൂടി ഉൾപ്പെടുത്തി 1000 ലക്ഷം രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 11)

2402-00-102-87—മണ്ണിടിച്ചിലുള്ള പ്രദേശങ്ങളുടെ ബലപ്പെടുത്തൽ

വിഹിതം : 78,00,000 രൂപ (പ്ലാൻ)

ഉരുൾപൊട്ടൽ, മണ്ണിടിച്ചിൽ എന്നിവ മൂലം കൃഷിനാശം സംഭവിച്ചതും സംഭവിക്കാൻ സാധ്യതയുള്ളതുമായ പ്രദേശങ്ങളിൽ മണ്ണു സംരക്ഷണ പ്രവർത്തനങ്ങൾക്കാണ് ഈ തുക വകയിരുത്തിയിരിക്കുന്നത്. ഇടുക്കി, വയനാട് ജില്ലകളിലെ 70 ഹെക്ടർ പ്രദേശത്ത് മണ്ണ് സംരക്ഷണ പ്രവർത്തനങ്ങൾക്കായി ഈ ശീർഷകത്തിൽ 200 ലക്ഷം രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 12)

2415-01-277-99 -31—കേരള കാർഷിക സർവ്വകലാശാലാ ധനസഹായം-ശമ്പളം.

വിഹിതം : 174,02,00,000 രൂപ (നോൺ പ്ലാൻ)

കേരള കാർഷിക സർവ്വകലാശാല സഹായധനം-ശമ്പളം എന്ന ശീർഷകത്തിൽ വകയിരുത്തിയിരിക്കുന്ന തുക, ശമ്പളം, വേതനം, പ്രതിമാസ പെൻഷൻ, എസ്റ്റാബ്ലിഷ്മെന്റ് ചെലവുകൾ, റിട്ടയർമെന്റ് ആനുകൂല്യങ്ങൾ എന്നിവയ്ക്കുവേണ്ടിയാണ്. പ്രസ്തുത ആവശ്യങ്ങൾക്കായി 2013-2014 സാമ്പത്തിക വർഷത്തേക്ക് അധികമായി 2129 ലക്ഷം രൂപ വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 14)

2415-01-277-99-36—കേരള കാർഷിക സർവ്വകലാശാല ധനസഹായം-ശമ്പളേതരം

വിഹിതം : 4,00,00,000 രൂപ (പ്ലാൻ)

കേരള കാർഷിക സർവ്വകലാശാലയ്ക്ക് ഈ ശീർഷകത്തിൽ വകയിരുത്തുന്ന തുകയിൽ കഴിഞ്ഞ വർഷങ്ങളിൽ അനുക്രമം കുറവു വരുത്തിയതും 2013-2014-ൽ വിഹിതം തീരെ അനുവദിച്ചിട്ടില്ലെന്നതും സമിതിയുടെ ശ്രദ്ധയിൽപ്പെട്ടു. ഇപ്രകാരം

കാർഷിക സർവ്വകലാശാലയുടെ പദ്ധതി ചെലവുകൾക്ക് തുക അനുവദിക്കാതിരിക്കുന്നത് സർവ്വകലാശാലയുടെ പ്രവർത്തനങ്ങളെ ദോഷകരമായി ബാധിയ്ക്കുമെന്ന് സമിതി വിലയിരുത്തി. ആയതിനാൽ ഈ ശീർഷകത്തിൽ 5600 ലക്ഷം രൂപ വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 15)

കേരള കാർഷിക സർവ്വകലാശാലയുടെ ഭീമമായ സാമ്പത്തിക ബാദ്ധ്യത സർവ്വകലാശാലയുടെ ദൈനംദിന പ്രവർത്തനങ്ങളെയും വൈവിധ്യവൽക്കരണോദ്യമങ്ങളെയും തടസ്സപ്പെടുത്തുന്നുണ്ട്. 2012-2013 സാമ്പത്തിക വർഷാവസാനത്തെ വിവിധ ഇനങ്ങളിലുള്ള ബാധ്യതകളായ ശമ്പള പരിഷ്കരണ കുടിശ്ശിക, 1986, 1996 എന്നീ വർഷങ്ങളിലെ യു.ജി.സി കുടിശ്ശിക, പി.എഫ്/ഡബ്ല്യു.പി.എഫ്/എഫ്.ബി.എസ്/ ഡബ്ല്യു.എഫ്.എസ് എന്നിവയിലേക്ക് അടയ്ക്കേണ്ടിയിരുന്ന തുക, ശമ്പളകുടിശ്ശിക, പെൻഷൻ കുടിശ്ശിക, ഡി..എ, പെൻഷൻ ബാധ്യതകൾ എന്നിവയ്ക്ക് മറ്റു ഫണ്ടിൽ നിന്നുപയോഗിച്ചത് തിരിച്ചു നൽകുന്നതിനും, ലോക്കൽ ഫണ്ട് ഡിപ്പാർട്ട്മെന്റിനു നൽകേണ്ട ഓഡിറ്റ് ചാർജ്ജ് എന്നിവയ്ക്കുമായുള്ള ആകെ ബാധ്യത 243.71 കോടി രൂപയാണ്. ഇപ്രകാരം സാമ്പത്തിക ബാധ്യത നിലനിൽക്കുന്നത് സർവ്വകലാശാലയുടെ പ്രവർത്തനങ്ങൾ കാര്യക്ഷമമായി നടത്തുന്നതിന് തടസ്സമാകുമെന്നതിനാൽ ഈ ബാധ്യത തീർക്കുന്നതിനായി അടിയന്തരമായി 24371 ലക്ഷം രൂപ ഒറ്റത്തവണ ഗ്രാന്റായി നൽകണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 16)

2435-01-101-85—<u>വിലസ്ഥിരതയ്ക്കുവേണ്ടി വിപണിയിൽ ഇടപെടൽ</u>

വിഹിതം : 5,00,00,000 രൂപ (പ്ലാൻ)

അപ്രതീക്ഷിതമായ വിലയിടിവുമൂലം സാമ്പത്തിക പ്രതിസന്ധിയിലാകുന്ന കേര കർഷകരെ സഹായിക്കാൻ കൃഷിഭവൻ മുഖേന പച്ചത്തേങ്ങ സംഭരിക്കുന്ന പദ്ധതി 2013-ൽ തുടക്കമിട്ടു. ഈ പരിപാടി കൂടുതൽ ഊർജ്ജിതപ്പെടുത്തുന്നതിന് ഈ ശീർഷകത്തിൽ 1000 ലക്ഷം രൂപകൂടി വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 24)

4401-00-190-91—<u>റൈസ് ബയോ പാർക്കുകളുടെ സ്ഥാപിക്കൽ.</u>

വിഹിതം: ഇല്ല

'റൈസ് ബയോപാർക്കുകളുടെ സ്ഥാപിക്കൽ' എന്ന പദ്ധതി നടത്തിപ്പിലേക്കായി 2012-13 ലെ ബഡ്ജറ്റിൽ 10 കോടി രൂപ അനുവദിച്ചിരുന്നുവെങ്കിലും ആയത് നടപ്പിലാക്കിയിട്ടില്ല. 2013-ലെ നയപ്രഖ്യാപന പ്രസംഗത്തിലും പ്രതിപാദിച്ചിട്ടുള്ള ഈ പദ്ധതിയ്ക്കായി 1000 ലക്ഷം രൂപ വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 25)

4401-00-190-90—കോക്കനട്ട് ബയോപാർക്കുകളുടെ സ്ഥാപിയ്ക്കൽ

വിഹിതം : ഇല്ല.

'കോക്കനട്ട് ബയോപാർക്കുകൾ സ്ഥാപിക്കൽ' എന്ന പദ്ധതിക്ക് 2012-2013-ലെ ബഡ്ജറ്റിൽ 15 കോടി രൂപ വകയിരുത്തിയിരുന്നെങ്കിലും ആയത് നടപ്പിലാക്കിയിട്ടില്ല. 2013-ലെ നയപ്രഖ്യാപന പ്രസംഗത്തിലും പ്രതിപാദിച്ചിട്ടുള്ള ഈ പദ്ധതിയ്ക്കായി 1000 ലക്ഷം രൂപ വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 26)

## പൊതു ശുപാർശകൾ

സംസ്ഥാനത്തെ നാളികേര കർഷകരെ സഹായിക്കുന്നതിനായി കേരോല്പന്ന വൈവിദ്ധ്യവൽക്കരണം, ഉല്പാദനം, വിപണനം എന്നിവ ഏറ്റെടുത്ത് നാളികേര വികസന കോർപ്പറേഷന്റെ പ്രവർത്തനങ്ങൾ ഊർജ്ജിതപ്പെടുത്തേണ്ടതും ആയതിന് കോർപ്പറേഷന്റെ കൈവശമുള്ള സ്ഥലങ്ങൾ ഉപയോഗപ്പെടുത്തി മൂല്യവർദ്ധിത ഉല്പന്നങ്ങൾ ഉല്പാദിപ്പിക്കുന്ന പദ്ധതികളും ആരംഭിക്കാവുന്നതാണെന്നും പ്രസ്തുത പ്രവൃത്തികൾക്കായി 2013-'14 സാമ്പത്തിക വർഷത്തേയ്ക്ക് 100 ലക്ഷം രൂപ വകയിരുത്തേണ്ട താണെന്നും സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 28)

**മാതൃക ഹൈടെക്ക് ഹരിത ഗ്രാമങ്ങൾ**

ഭക്ഷ്യസുരക്ഷ, ജലസുരക്ഷ, ഊർജ്ജ സുരക്ഷ, പരിസ്ഥിതി സുരക്ഷ എന്നിവ ഉറപ്പുവരുത്തുന്ന മാതൃകാ ഹരിത ഗ്രാമങ്ങൾ അംഗീകൃത മാനദണ്ഡങ്ങൾ ക്കനുസൃതമായി ജില്ലയിൽ ഒന്നു വീതം സ്ഥാപിക്കുന്ന പദ്ധതി ബഡ്ജറ്റിൽ വിഭാവനം ചെയ്തിട്ടുള്ളതിനാൽ ആയതിനായി ഓരോ ഗ്രാമത്തിനും 3 കോടി രൂപ വീതം 14 ഗ്രാമങ്ങൾക്കായി 4200 ലക്ഷം രൂപ വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 31)

**ജൈവകൃഷിക്ക് കേരളാ ബ്രാൻഡ്**

ജൈവ കൃഷി വികസനത്തിനും അതിന്റെ ഒരു ആഗോള ബ്രാൻഡ് വികസിപ്പിക്കുന്നതിനുമായി ജൈവവളം, കീടനാശിനി, രോഗപ്രതിരോധ ശേഷിയുള്ള വിത്തിനങ്ങൾ, ടിഷ്യുകൾച്ചർ ചെടികൾ എന്നിവയുടെ ഉത്പാദനം പ്രോത്സാഹിപ്പി ക്കുമെന്ന് ബഡ്ജറ്റ് പ്രസംഗത്തിൽ പ്രഖ്യാപിച്ചിട്ടുണ്ട്. കാസറഗോഡ്, വയനാട്, ഇടുക്കി എന്നീ ജില്ലകളിൽ ഓരോ താലൂക്കുകളെ വീതം ജൈവ താലൂക്കുകളായി വികസിപ്പിക്കുകയും പദ്ധതിയുടെ ഭാഗമായി `ഗന്ധകശാല' പോലുള്ള പ്രാദേശിക ഉൽപന്നങ്ങൾക്ക് ബ്രാൻഡ് നേടിയെടുക്കുന്നതിനാവശ്യമായ പിൻബലവും നൽകുന്ന ഈ പദ്ധതിക്കായി 1200 ലക്ഷം രൂപ വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 32)

**നിറവ് പദ്ധതി**

കൃഷിയുടെ സമഗ്ര വികസനം ലക്ഷ്യമാക്കി പ്രവർത്തിക്കുന്ന നിറവ് പദ്ധതി 12 നിയോജകമണ്ഡലങ്ങളിൽ നടപ്പിലാക്കിയിട്ടുള്ളത് മറ്റ് 30 നിയോജക മണ്ഡലങ്ങളിൽക്കൂടി വ്യാപിപ്പിക്കുന്നതിന് 2100 ലക്ഷം രൂപ വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 34)

**പച്ചക്കറി, പൂക്കൾ, പഴവർഗ്ഗങ്ങൾ**

സംസ്ഥാനത്ത് ഏറെ വിപണന സാധ്യതകളുള്ള വിളകളായ പച്ചക്കറി, പൂക്കൾ, പഴവർഗ്ഗങ്ങൾ എന്നിവയുടെ ഉത്പാദനശേഷി വർദ്ധിപ്പിക്കുന്നതിന് നെതർലാന്റ് സർക്കാരിന്റെ സഹായത്തോടെ ഒരു ടെക്നോളജി സെന്റർ സ്ഥാപിക്കാൻ ബജറ്റിൽ വിഭാവനം ചെയ്തിട്ടുള്ളതിനാൽ ഇതിനായി 50 ലക്ഷം രൂപ വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 35)

**നാളികേര സംഭരണം**

കൃഷി ഭവനുകൾ വഴി പച്ചത്തേങ്ങ സംഭരിക്കുന്ന ഒരു പദ്ധതിക്ക് കൃഷി വകുപ്പ് തുടക്കം കുറിച്ചിട്ടുണ്ട്. പ്രസ്തുത പദ്ധതി കൂടുതൽ കൃഷി ഭവനുകളിലേക്ക് വ്യാപിപ്പിക്കുന്നതിന് 2500 ലക്ഷം രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 36)

മണ്ണ് പര്യവേഷണ-മണ്ണ് സംരക്ഷണ വകുപ്പ് മുഖേന പാടശേഖര സമിതികൾക്കും വ്യക്തികൾക്കും ആനുകൂല്യങ്ങൾ നൽകുന്നതിനായി 500 ലക്ഷം രൂപ വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 37)

## ആസൂത്രണ സാമ്പത്തികകാര്യ വകുപ്പ്

2402-00-001-94—കേരള സംസ്ഥാന ബഹുദൂര ഗ്രഹണ പരിസ്ഥിതികേന്ദ്രം (കെ.എസ്.ആർ.ഇ.സി) (ധനസഹായം)

വിഹിതം : 1,50,00,000 രൂപ (പ്ലാൻ)

കെ.എസ്.ആർ.ഇ.സെന്റർ കഡസ്ട്രൽ തോതിലുള്ള സമഗ്ര വിവര ശേഖരണം, കീടരോഗനിയന്ത്രണത്തിനുള്ള സ്പെഷ്യൽ ഡേറ്റാ ലെയേഴ്സ് തുടങ്ങിയ സ്റ്റേറ്റ് പ്ലാൻ പദ്ധതികൾ 2013-14-ൽ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നു. ഈ സെന്ററിന് അഞ്ച് ജില്ലകളിലെ ഡേറ്റ സൃഷ്ടിക്കുന്നതിനാവശ്യമായ സാറ്റലൈറ്റ് ഡേറ്റ, കഡസ്ട്രൽ ഡേറ്റ എന്നിവയ്ക്കും ഫീൽഡ് ഡേറ്റാ കളക്ഷൻ, ഹ്യൂമൻ റിസോഴ്സ് മുതലായവയ്ക്കുമായി അനുവദിച്ച തുക അപര്യാപ്തമായതിനാൽ ഈ ശീർഷകത്തിൽ 130 ലക്ഷം രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 38)

2402-00-001-96—പഞ്ചായത്തുതല വിഭവ സർവ്വേ

വിഹിതം : 30,00,000 രൂപ (പ്ലാൻ)

ഈ പദ്ധതിയിൻകീഴിലെ പ്രോജക്ട് സ്റ്റാഫിന് വേതനമായി 35.10 ലക്ഷം രൂപയും പദ്ധതി പൂർത്തീകരിക്കുന്നതിനുള്ള പ്രവർത്തനങ്ങൾക്കായി 12 ലക്ഷം രൂപയും ചെലവ് പ്രതീക്ഷിക്കുന്നതിനാൽ അനുവദിച്ച വിഹിതത്തിനു പുറമേ 17 ലക്ഷം രൂപകൂടി വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 39)

കെ. പി. മോഹനൻ,
*ചെയർമാൻ,*
*വിഷയനിർണ്ണയ സമിതി I.*

തിരുവനന്തപുരം,
2014 ജൂലൈ 1.

<u>അനുബന്ധം I</u>

GOVERNMENT OF KERALA

**Abstract**

AGRICULTURE DEPARTMENT—ANNUAL PLAN 2013-2014—KARSHIKA KARMASENA
ADMINISTRATIVE SANCTION ACCORDED—ORDERS ISSUED

AGRICULTURE (Agri) DEPARTMENT

G.O.(Ms) No. 280/2013/AD. *Dated,Thiruvananthapuram, 27th September 2013.*

*Read*:— 1. Letter No TP(2)25819/13 dated 17-6-2013 from Director of Agriculture, Thiruvananthapuram.

2. Minutes of the Working Group Meeting held on 15-7-2013.

ORDER

As per the letter read as 1st paper above, the Director of Agriculture has forwarded a proposal on Karshika Karmasena for an amount of ₹ 100 lakhs.

The main objectives of the project is as follows :

(1) To create a labour bank of well trained, disciplined force.

(2) To provide regular and uninterrupted supply of labourers on reasonable/standardized wages rates on demand/call.

(3) To create a service bank of technicians of Mechanics, electricians and plumbers etc. for agricultural purpose on call or demand at reasonable/standardized rates.

(4) To provide facilities for land bank so that farmers can lease land for crop production based on fixed terms and conditions from a lessee.

(5) To generate employment opportunities to the poor, unemployed rural and urban people.

(6) To enhance the Status of agriculture into a profitable business enterprise

(7) To increase productivity of land through community intervention

(8) To increase labour/land productivity through standardized wage rates

(9) To make farming labour friendly as well as farmer friendly.

(10) To bring the rural labour strength under an institutional frame work

(11) To provide dignity to farmers as well as labour force.

The Working Group Meeting held on 15-7-2013 examined and approved the proposal as per the minutes read as 2 paper above.

Government having examined the recommendation in detail are pleased to accord administrative sanction for implementation of the project Karshika Karmasena for an amount of ₹ 100 lakhs.

The expenditure on this account will be met from the Head of Account 2401-00-113-83 Plan for the financial year 2013-2014.

The Director of Agriculture will move proposal for provision of fund through Supplementary Demand for Grant/Additional Grant/re-appropriation for implementation of the project.

By order of the Governor

K. R. Jyothilal,
*Secretary to Government.*

To

The Director of Agriculture, Thiruvananthapuram

The Principal Accountant General (Audit) Kerala, Thiruvananthapuram

The Accountant General (A&E) Kerala, Thiruvananthapuram

The District Treasury Officer, District Treasury, Thiruvananthapuram

The Chief (Agri.), State Planning Board, Thiruvananthapuram

Finance Department

Planning & Economic Affairs (CPMU) Department

Agriculture (PB) Department

Information & Public Relations Department (Web &New media)

Stock file/Office Copy.

അനുബന്ധം II

GOVERNMENT OF KERALA

**Abstract**

AGRICULTURE (PPM CELL) DEPARTMENT—RASHTRIYA KRISHI VIKAS YOJANA (RKVY) 2013-2014—IMPLEMENTATION OF PROJECTS SANCTIONED BY THE SLSC MEETING HELD ON 29-8-2013-ADMINISTRATIVE SANCTION ACCORDED—ORDERS ISSUED.

AGRICULTURE (PPM CELL) DEPARTMENT

G.O. (Ms.) No. 279/2013/AD *Dated,Thiruvananthapuram, 27th September 2013.*

*Read*:—1. G. O. (MS) No. 149/2013/AD dated 3-5-2013.

2. Letter No. 34-1/2013-Hort. dated 15-5-2013 from the Department of Agriculture & Cooperation (Horticulture Division), Government of India, New Delhi.

3. Letter No. 7-2/2013-RKVY dated 5-6-2013 from the Department of Agriculture & Co-operation Ministry of Agriculture, Government of India, New Delhi.

4. D.O. No. 7-1-27/2013-NFSM-Kerala dated 18-6-2013 from the Joint Secretary, Department of Agriculture & Co-operation, Ministry of Agriculture, Government of India, New Delhi

5. Letter No. 7-1/2013-RKVY dated 9-9-2013 from the Department of Agriculture & Co-operation (RKVY Division), Ministry of Agriculture, Government of India, New Delhi.

6. Minutes of the State Level Sanctioning Committee meeting of RKVY held on 29-8-2013.

ORDER

As per the Government Order read as 1st paper above, administrative sanction was accorded for the implementation of new projects for a total amount of ₹ 76.84 crore approved by the State Level Sanctioning Committee (SLSC) in its meeting held on 15-4-2013 under RKVY 2013-2014.

2. As per the letters read as 2nd, 3rd, 4th and 5th papers above, Government of India have conveyed an allocation of ₹ 270.93 crores for the State under normal RKVY (₹ 250.78 crore), and Sub Schemes viz., Vegetable Initiative for Urban clusters (₹ 9.00 crore), National Mission for protein Supplement (₹ 11.00 crore) and Initiative for Nutritional Security through Intensive Millets Promotion (₹ 15.00 lakh) for the financial year 2013-2014.

3. The Second State Level Sanctioning Committee (SLSC) meeting of RKVY 2013-2014 held on 29-8-2013 considered proposals for new projects with a total outlay of ₹ 196.90 crore for implementation under RKVY 2013-2014

4. In the above circumstances, Government are pleased to accord administrative Sanction for the implementation of the new projects for a total amount of ₹ 196.90 crores during the financial year 2013-2014 under RKVY.

5. The details of district-wise physical and financial targets, implementing agency, subsidy pattern etc. for each of the projects are given in annexure-1 attached to this Government Order.

6. The modifications sanctioned for some of the ongoing projects approved earlier under RKVY is attached as annexure-II to this Government Order.

By order of the Governor,

K. R. Jyothilal,
*Secretary to Government.*

To

The Director of Agriculture, Vikas Bhavan, Thiruvananthapuram.

The Director of Animal Husbandry, Vikas Bhavan, Thiruvananthapuram .

The Director of Fisheries, Vikas Bhavan, Thiruvananthapuram.

The Director of Dairy Development, Pattom, Thiruvananthapuram.

The Vice Chancellor, Kerala Agricultural University, Vellanikkara Thrissur.

The Cheif (Agriculture), State Planning Board, Pattom, Thiruvananthapuram.

The Managing Director, Kerala Co-operative Milk Marketing Federation Limited, Pattom Palace P.O, Thiruvananthapuram- 695 004.

The Mission Director, State Horticulture Mission, Sunny Dale, Mead's lane, University P.O., Thiruvananthapuram-695 034,

The Managing Director, Kerala Land Development Corporation.

TC No. 28/725, Chempukavu, Near Ramanilayam, Thrisssur-680 020.

The Managing Director, MARKETFED, P.B. No. 2024, Gandhi Nagar, Kochi-682 020.

The Managing Director, KERAFED, Kera Tower, Water Works Compound, Vellayambalam, Thiruvananthapuram.

The Managing Director, Kerala Livestock Development Board, Pattom, Thiruvananthapuram.

The Managing Director, Kerala Feeds Limited, Kallettumkara, Thrissur-680 683.

The Managing Director, Meat product of India, Edayar P.O., Koothattukulam, Ernakulam-686 662.

The Director (Academics and Research), Directorate of Academics and Research, Kerala Veterinary & Animal Sciences University, Lakkidi. P.O, Pookode, Wayanad 673 576.

The Managing Director, Kerala Agro Machinery Corporation Limited, Athani, Ernakulam 683 585.